
Registered No. M-4485 Madras War Review, Malayalam—14-4-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ഏപ്രിൽ 14-ാംനു, വെള്ളിയാഴ്ച [ലക്കം 32

## യുദ്ധസേവനം തെക്കെ ഇന്ത്യയിലേക്കാൾ കൂടുതൽ മററൊരിടത്തും ചെയ്യുവരുന്നില്ല

★



നമ്മുടെ ആളുകൾക്കു ഭടന്മാരാകാൻതക്കവണ്ണമുള്ള പരിശീലനം കൊടുക്കുക, നമ്മുടെ സകല ഭൌതികകഴിവുകളേയും യുദ്ധസന്നദ്ധമായ ഒരു രാജ്യത്തിന്നു യോജിച്ച മാതിരി രൂപീകരിക്കുക, എന്നിവയാണു് ഇന്ത്യൻ സൈന്യനേതാവിന്നു നിശ്ചയിച്ചിരിക്കുന്ന ജോലി.

ഈ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ എനിക്കു തൃപ്തിയുണ്ടു്. ഉദ്യോഗസ്ഥന്മാരും, ഗവമ്മേൻറു ജീവനക്കാരും, യുദ്ധവ്യവസായങ്ങളിലേപ്പെട്ടിരിക്കുന്ന പൊതുജനങ്ങളും, ഗവമ്മേൻറിൻെറ കീഴിലും ശമ്പളമില്ലാതേയും ജോലി ചെയ്യുന്ന സ്ത്രീകളും—ഇങ്ങിനെയുള്ള സ്ത്രീകളെ ഇനിയും കൂടുതൽ ആവശ്യമുണ്ടു്—എല്ലാവരുംതന്നെ തങ്ങളുടെ വീതം പ്രവൃത്തി ചെയ്യുവരുന്നുണ്ടു്. പക്ഷെ, ഇതിൽ കൂടുതൽ ചെയ്യാൻ നമുക്കു സാധിക്കുകയില്ലെന്നു ഇതുകൊണ്ടർത്ഥമാകുന്നില്ല. ഇതിൽ എത്രയോ കൂടുതൽ ചെയ്യാൻ നമുക്കു കഴിയും, നാം ചെയ്യുക തന്നെ വേണം.

എൻെറ ഇക്കഴിഞ്ഞ തെന്നിൻഡ്യൻ സന്ദർശന വേളയിൽ, അവിടത്തെ പ്രസിഡെൻസികളിലും നാട്ടുരാജ്യങ്ങളിലും ചെയ്യുകാണുന്നതിൽ കൂടുതൽ യുദ്ധസേവനം മററൊരിടത്തും ചെയ്യുവരുന്നില്ലെന്നു എനിക്കു ബോധ്യമായി. യുദ്ധസേവനത്തിൽ ഭാഗഭാക്കുകളായവരെയെല്ലാം ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഇതിൽനിന്നു ഒട്ടും പിന്നോക്കം പോകാൻ നാം സ്വപ്നേപി വിചാരിച്ചുപോകരുതു്. യുദ്ധത്തിൻെറ അവസാനം ഇതുവരെ കാണാറായിട്ടില്ലെന്നാണു് എൻെറ അഭിപ്രായം.

—ഇന്ത്യൻ സർവ്വ സൈന്യാധിപൻ, ബഹു: സർ ക്ലാഡി ആക്കിൻലെക്കു്, ദക്ഷിണേന്ത്യൻ പര്യടനശേഷം തിങ്കളാഴ്ച ന്യൂ ഡെൽഹിയിൽവെച്ചു് പ്രസ്താവിച്ചതു്

## ഉള്ളടക്കം


| | ഭാഗം |
|---|---|
| യുദ്ധസേവനം തെക്കെ ഇന്ത്യയിലേക്കാൾ കൂടുതൽ മറെറാരിടത്തും ചെയ്യുവരുന്നില്ല. | 1 |
| യുവാക്കളെ! ഉണരുവിൻ! .. .. | 2 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3 |
| റഷ്യയുടെ വിജയം .. .. .. | 4 |
| രാജകീയ നാവികസേനയിലെ പ്രവേശനാനുകൂല്യങ്ങൾ. | 5, 6 |
| പുല്ലാരനേർച്ച .. .. .. | 7 |
| ധീരരമണി .. .. .. .. | 8, 9 |
| മാനവസമുദായോന്മൂലനം .. .. | 10 |
| പാലാട്ടു കോമൻ .. .. .. | 11, 12 |


# യുവാക്കളേ! ഉണരുവിൻ!

(ശ്രീ ജി. പി. ശങ്കരമംഗലം)

(പാന)

എന്തതിക്രമം, ജാപ്പാനീസ് രാക്ഷസർ
ഇന്ത്യമണ്ണിൽ ചവുട്ടിത്തുടങ്ങിയോ!
അന്തരാത്മ പ്രബുദ്ധ മഹസ്സിതിൽ
അന്ധകാരമടക്കാൻ ശ്രമിക്കയോ!

കേൾപ്പതെന്തു, മണിപുരിപ്പൌരർ ത-
ന്നാർത്തനാദമഹോ ദയനീയമായ്
ആത്തവിശ്വരാം നമ്മൾ, സഹജരേ!
പാന്ഥപാത്തലേ പാഴിലിരിക്കയോ!

"അസ്വാതന്ത്ര്യമകററി നമുക്കുടൻ-
സൽസ്വാതന്ത്ര്യ ഫലാപ്തി വരുത്തുവാൻ"
കുൽസിതർ ഹാ! പുറപ്പെട്ടുപോലവർ
വിശ്വസിക്കാൻ മഹാമൂഢരല്ല നാം.

കേൾപ്പു നമ്മൾ, സുമാത്ര, ഫിലിപ്പയിൻ,
ജാപ്പുബാധിത ബർമ്മ, മഞ്ചൂറിയ,
ഈ പുരാതന രാജ്യങ്ങളൊക്കയും
വീർപ്പുപൊട്ടിക്കരയുന്നതിന്നഹോ.

വീടെരിഞ്ഞു, വിശപ്പുററു, താന്തരായ്-
കാട്ടുകേറി വലയും സഹോദരർ
ആടുപോലെ ഹനിക്കപ്പെടുന്നതൊ
പാടവം, ഹാ! മതി, മതി, നീചരേ!

മഞ്ഞളിക്കയൊ? മാതൃഭൂപ്പൊൻമുഖം
നെഞ്ചുറപ്പെഴും നമ്മൾ ജീവിക്കവെ!
ഉദ്ധൃതോത്സുകരിന്ത്യ യുവാക്കളേ!
കർത്തൃനിഷ്ഠരാം ധർമ്മ സഖാക്കളേ!

ബദ്ധരോഷമുണരുവിൻ, നീചർതൻ-
യുദ്ധവാഞ്ഛയൊടുക്കിയോടിക്കുവിൻ!
ധീരധീരം കുതിക്കു രണോർവ്വിയിൽ
ചോരയിന്നു തിളക്കുന്നതില്ലയോ?

—: ശുഭം :—


## എച്ച്. പി. പി.

### കച്ചവടക്കാരൻ വിലവിവരപ്പട്ടിക തരാൻ കൂട്ടാക്കുന്നില്ലെങ്കിൽ

ഭക്ഷണസാധനങ്ങളും, പ്രത്യേകം വില നിയന്ത്രിച്ചിട്ടുള്ള മററു സാധനങ്ങളുമൊഴിച്ചു, ഏതു സാധനവും പ. ത്തോ അതിൽ കൂടുതലൊ ഉറുപ്പികക്കു വാങ്ങുമ്പോൾ, വിലവിവരപ്പട്ടിക തരാത്തതു് സംഭരണാതിലാഭനിരോധന നിയമത്തിലെ 10-ാം വകുപ്പുപ്രകാരം ശിക്ഷാർഹമാണ്. പത്തുറുപ്പികയിൽ കുറഞ്ഞ സംഖ്യക്കു വാങ്ങുമ്പോഴും വിലവിവരപ്പട്ടിക ആവശ്യപ്പെടാൻ നിങ്ങൾക്കവകാശമുണ്ട്. തരാതിരിക്കാൻ വ്യാപാരിക്കു പാടില്ല താനും. വിലവിവരപ്പട്ടിക ആവശ്യപ്പെടുക. എന്തുകൊണ്ടെന്നാൽ അതാണു നിങ്ങളുടെ ഉത്തമ ക്ഷേമമാർഗ്ഗം.

ഓർമ്മിക്കുക: ഓരോ വ്യക്തിയും ഓരോ ഇൻസ്പക്ടരെപ്പോലെ പ്രവർത്തിച്ചാൽ മാത്രമെ ഈ നിയമം വിജയപ്രദമാകുകയുള്ളു.

## എസ്. എസ്. എസ്.

### പത്തുറുപ്പിക നിക്ഷേപിച്ച് പതിനഞ്ചുറുപ്പിക സമ്പാദിക്കുക

തപ്പാലാപ്പീസ്സുകളിലും, സമ്പാദ്യ ബ്യൂറോകളിലും, സൌജന്യമായി നിങ്ങളെ സേവിക്കുന്ന അധികൃതഏജൻറുമാരുടെ പക്കലും നിന്നു കിട്ടുന്നതായ


ദേശീയ സമ്പാദ്യപത്രങ്ങൾ വാങ്ങുക.

# ആഴ്ചക്കുറിപ്പുകൾ

## ജപ്പാൻ എവിടെ എത്തി?

ഈ ചോദ്യം ഒരാഴ്ചയായി പലരും അക്ഷമയോടെ ചോദിക്കുവാൻ തുടങ്ങീട്ടുണ്ടു്. ആസ്സാം സമരമുഖത്തിൽ ഇന്ത്യയെ മാത്രമല്ല ഏഷ്യാഭൂഖണ്ഡത്തെ മുഴുവൻ ബാധിക്കുന്നതായ ഒരു വലിയ യുദ്ധം നടക്കുന്നുണ്ടു്. അതിൻെറ മുഴക്കം അകന്നിരിക്കുന്ന നാം കേൾക്കുന്നില്ലെന്നേ ഉള്ളു. ആ കോണിൽ ജപ്പാൻകാരുടെ കയററം ഇനിയും നിലച്ചിട്ടില്ല. അതു തടുത്തു നിർത്തിയിട്ടില്ലെങ്കിൽ നമുക്കു സമാധാനത്തോടുകൂടി ഇരിക്കാവുന്നതുമല്ല. മണിപ്പൂർ റോഡിനെ വളഞ്ഞു ഡിമാപ്പൂർ എന്ന റെയിൽവെ തലസ്ഥാനം അവർ കയ്വശപ്പെടുത്തുന്നതായാൽ വടക്കു സ്റ്റിൽവെല്ലിൻെറ കീഴിലുള്ള സൈന്യത്തിനു സാമഗ്രികൾ എത്തിച്ചുകൊടുക്കുവാൻ സാധിക്കാതെ വന്നേക്കാം. നാലാഴ്ചകളുള്ളിൽ മഴക്കാലവും വന്നുചേർന്നാൽ ഗതാഗതസൌകര്യങ്ങൾ അവതാളത്തിലുമായി. ചൈനയുമായി കരവഴിക്കു ഒരു ബന്ധം ഏർപ്പെടുത്തേണമെന്ന ഐക്യസേനാധിപൻെറ ഉദ്ദേശം പിന്നെ ക്ഷിപ്രസാദ്ധ്യമാകുന്നതുമല്ല. ആസ്സാം രംഗത്തിലെ ചുഴിവുകളാണിവയെല്ലാം. വർഷം തുടങ്ങുമ്പോഴെക്കെങ്കിലും പ്രധാന ഗതാഗതമാർഗ്ഗങ്ങൾ സ്വാധീനമാക്കുവാൻ സാധിച്ചുവെങ്കിൽ പിന്നീടു ധാരാളം വിശ്രമം കിട്ടുന്നതാണു്. കിട്ടിയതു വിട്ടൊഴിക്കാതിരിക്കാനുള്ള രക്ഷാമാർഗ്ഗങ്ങളും അപ്പോഴെക്കു സുരക്ഷിതമാക്കാവുന്നതാണു്. അതുകൊണ്ടു പ്രബലമായ ഒരു പ്രത്യാക്രമണം കൊണ്ടു ശത്രുവിനെ ഒന്നകററീട്ടില്ലെങ്കിൽ, അയാൾ അങ്ങോട്ടുമിങ്ങോട്ടും ചാടിക്കടന്നു് പല അനർത്ഥങ്ങളും ഉണ്ടാക്കിയെന്നു വന്നേക്കാം. അധികൃതന്മാർ ആശ്വാസവചനങ്ങൾ ധാരാളം തരുന്നുണ്ടെങ്കിലും ശത്രുവിൻെറ തല്ക്കാലസ്ഥിതി ആശാസ്യമല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ആഴ്ചയിലെ പോരാട്ടത്തിൽ ശത്രുവിൻെറ ലക്ഷ്യങ്ങളിന്നതെല്ലാമാണെന്നു് ഊഹിക്കാവുന്നതാണു്. തെക്കു ടിഡ്ഡിമിൽ നിന്നു് കണ്ട വെളിച്ചം ടാമുവഴിക്കു നാഗ പർവ്വതനിരകളിലേക്കാണു് തിരിയുന്നതു്. ഇതിൽ ടാമു ജപ്പാൻകാർ പിടിച്ചുവെന്നാണു് കേൾക്കുന്നതു്. പ്രധാന പട്ടണങ്ങളായ ഇംഫാലും കൊഹിമയും പിടിക്കാനാണു് ശത്രുവിൻെറ അഗ്രഹമെന്നു് വിശദമാകുന്നുണ്ടു്. ഈ രണ്ടു പട്ടണങ്ങളും മണിപ്പൂരിയിലെ നാഡീകേന്ദ്രങ്ങളാണു്. ഇവയെ കയ്വശമാക്കുവാൻ ഒരു 'തകർത്തുകൊട്ടൽ' അടുത്തുണ്ടാവാനിടയുണ്ടു്.

എന്നാൽ നമ്മുടെ 17-ാം ഇന്ത്യൻ സൈന്യം ഇംഫാലിലേക്കു പൂർണ്ണബലത്തോടുകൂടി തിരിയെ വന്നുചേർന്നതു നമ്മുടെ നേട്ടങ്ങളിൽ ഒന്നായി കരുതാം. ആ പട്ടണത്തിൻെറ നക്ഷയക്കു തല്ക്കാലം ഹാനിയില്ലെന്നു് അതുകൊണ്ടു് അനുമാനിക്കാം. വീൻഗെയിററിൻെറ വീരസംഘമായ ചിണ്ടിട്സ് ഇതിലിടക്കു അവരുടെ കേന്ദ്രമാക്രമിക്കുവാനെത്തിയ ചില ജപ്പാൻ പട്ടാളങ്ങളെ ഓടിച്ചുവെന്നുള്ളതും സന്തോഷിക്കത്തക്കതുതന്നെയാണു്. അവർ ശത്രുവിൻെറ ചില ഗതാഗത കേന്ദ്രങ്ങളും നാമാവശേഷമാക്കിയതായറിയുന്നു. അതും നമുക്കു അനുകൂലമായിട്ടുണ്ടു്. സ്റ്റിൽവെല്ലിൻെറ സേനയും മദ്ധ്യ ബർമ്മയിൽ തടവില്ലാതെ പോയിക്കൊണ്ടിരിക്കുന്നുണ്ടു്. ഇങ്ങിനെ പല സ്ഥലങ്ങളിലായി നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിച്ചു് ശത്രുവിനെ നമ്മുടെ അതിർത്തിയിൽ നിന്നു് ഓടിക്കുകയെന്ന പ്രധാന കാര്യം എപ്പോൾ നിർവ്വഹിക്കുമെന്നു വ്യക്തമാകുന്നില്ല. ഇപ്പോൾ ഇരുകക്ഷികളും രണ്ടു വഴിക്കായി പൊയ്ക്കൊണ്ടിരിക്കയാണു്. അവർ തമ്മിൽ മുട്ടി, നല്ലൊരു ബലാബലപരീക്ഷ നടത്തിയാലേ കാര്യത്തിൻെറ പരമാർത്ഥം വെളിവാകയുള്ളു. ഫ്രഞ്ചു് സേന 'മാഗിനോട് ലൈൻ' കാത്തുകൊണ്ടിരിക്കുമ്പോൾ ജർമ്മൻ സേന ബൽജിയത്തിൽകൂടി കടന്നതുപോലെയുള്ള ഒരു വിദ്യയാണു് ജപ്പാൻകാർ ഇപ്പോൾ എടുത്തു കൂട്ടിട്ടുള്ളതു്.



ഇന്ത്യൻ യുദ്ധത്തടവുകാർക്കു പാർസലുകളയക്കുന്ന ഒരു റെഡ്ക്രോസ് ഷെഡ്ഡിലെ തിരക്കു്.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 ഏപ്രിൽ 14-ാംനു, വെള്ളിയാഴ്ച

## റഷ്യയുടെ വിജയം

റഷ്യൻസേന ജർമ്മൻസേനയെ തുടർന്ന് റുമേനിയയിലെത്തിയെന്ന് ഇതിന്നു മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വളരെക്കാലം നീണ്ടുനിന്ന യുക്രൈൻ യുദ്ധം അവസാനിച്ചുവെന്നും ബാൾക്കാൻ യുദ്ധം ആരംഭിച്ചുവെന്നുമാണ് ഇതിൽനിന്നൂഹിക്കേണ്ടതു്. ഐക്യവിമാനങ്ങൾ ഈ ആഴ്ചയിൽ ബുക്കാറസ്റ്റ് ബോംബ് ചെയ്തതിന്റെ ഉദ്ദേശം ഹിററ്ലരുടെ ബാൾക്കൻ സേവകർക്കു റഷ്യക്കാരൊന്നിച്ച് ബ്രിട്ടൺ മുതലായ ശക്തികളുമുണ്ടെന്ന് മുന്നറിവു കൊടുക്കയാണെന്ന് ഇപ്പോൾ വിശദമായി. ഈ ഘട്ടത്തിൽ റുമേനിയ ഒരു വലിയ ധർമ്മസങ്കടത്തിലാണ് അകപ്പെട്ടിട്ടുള്ളതും. അവർ റഷ്യയെ എതിർക്കുകയാണെങ്കിൽ അതു് അവരുടെ പുരോഗതി എന്നെന്നേക്കും തടയുകയായിരിക്കും. ജർമ്മനിയുടെ ചവുട്ടടിയിൽനിന്ന് മോചനം കിട്ടുന്നതുവരെ ഹിററ്ലർ പറയുന്നതു കേൾക്കാതെയും തരമില്ല. അല്ലെങ്കിൽ പോണപോക്കിൽ ഒന്നായി ചുട്ടുപൊടിക്കുവാൻ ഹിററ്ലർ മടിക്കുന്നതുമല്ല.

റഷ്യൻസൈന്യം ചെക്കോസ്ലോവാക്കിയുടെ അതിർത്തിയിലും എത്തിക്കഴിഞ്ഞിരിക്കുന്നു. ജർമ്മൻ സേനാധിപതികളിൽ അഗ്രഗണ്യനായ വോൺ മാൻസ്റ്റൈന്റെ വമ്പിച്ച സേനയ്ക്കു ഗത്യന്തരമില്ലാതായിയെന്നാണ് ഇതിൽനിന്ന് ഊഹിക്കേണ്ടതു്. അതുപോലെതന്നെ, ജർമ്മനിയുടെ ശക്തിയ്ക്കു് കാര്യമായ ഉടവു തട്ടീട്ടുണ്ടെന്നും ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നു.

## ഒഡേസ്സാ

കരിങ്കടലിലെ വലിയ ഒരു തുറമുഖമായ ഒഡേസ്സയെ രണ്ടര കൊല്ലത്തിന്നുശേഷം റഷ്യൻകാർ വീണ്ടും കൈവശപ്പെടുത്തിയിരിക്കുന്നു. ഇതോടുകൂടി കരിങ്കടലിൽനിന്നു ജർമ്മൻകാർ ഒഴിഞ്ഞുമാറാതെ നിവൃത്തിയില്ലെന്നു വന്നിരിക്കുന്നു. 1941ൽ രണ്ടു മാസക്കാലം സകല ശക്തികളും ഉപയോഗിച്ചു എതിർത്തതിന്നു ശേഷമേ ഈ പട്ടണം റഷ്യൻകാർ ഒഴിഞ്ഞു കൊടുക്കുകയുണ്ടായുള്ളൂ. ഈ വിജയം, വിട്ടൊഴിയേണ്ടിവന്ന വീട്ടിലേക്കു വീണ്ടും പ്രവേശിക്കാനിടയാകുമ്പോഴുള്ളതിന്നു സമമായ ആഹ്ലാദമാണ് റഷ്യൻകാർക്കു പ്രദാനം ചെയ്യുന്നതു്.

മോസ്കൊ ഈ സന്തോഷവർത്തമാനം ഉചിതമായ വിധത്തിൽ കൊണ്ടാടുവാനും, കരസൈന്യത്തിന്നും നാവികസൈന്യത്തിന്നും മാർഷൽ സ്റ്റാലിൻ കല്പനയയച്ചിട്ടുണ്ടു്. ഇതുവരെ ഒതുങ്ങിയിരിക്കേണ്ടിവന്ന റഷ്യൻ നാവികസൈന്യം ഇനിയൊന്നു 'ഇളകിയാട്ടെ' എന്ന് തീർച്ചയാണ്. മദ്ധ്യധരണ്യാഴിയിലേക്കു റഷ്യക്കു കരിങ്കടലിൽക്കൂടിയല്ലാതെ പ്രവേശിക്കാൻ തരമില്ലെന്നിരിക്കെ, റഷ്യയുടെ വ്യാപാരം ഒട്ടുമുക്കാലും ഒഡേസ്സ തുറമുഖത്തിൽ കൂടെയായിരുന്നു നടന്നിരുന്നതു്. ഈ പട്ടണം—ഒരു പട്ടണത്തിന്റെ നിലയിലും അതിന്നു വലിയ പ്രധാന്യമുണ്ടു്—കൈവിട്ടുപോയതിനാൽ റഷ്യക്കുണ്ടായ കച്ചവടനഷ്ടവും സാമാന്യമല്ലായിരുന്നു. യുക്രൈൻ സംസ്ഥാനത്തിലുണ്ടാകുന്ന ഒന്നാന്തരം ഗോതമ്പു അവിടത്തെ മൂന്നാമത്തെ വലിയ പട്ടണമായ ഒഡേസ്സയിൽക്കൂടെയായിരുന്നു ലോകം മുഴുവനും വ്യാപിച്ചിരുന്നതു്. അങ്ങിനെയുള്ള ഒരു ജീവനാഡിയാണ് റഷ്യക്കാർക്കു കൈവിടേണ്ടിവന്നതു്. ഇതു വീണ്ടെടുക്കാൻ സാധിച്ചതിൽ റഷ്യൻ സേനയുടെ സാമർത്ഥ്യത്തെപ്പററി എത്രപുകഴ്ത്തിയാലും മതിയാകുന്നതല്ല. റഷ്യക്കു യുദ്ധസാധനങ്ങൾ മറുരാജ്യങ്ങളിൽനിന്നു—ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നും—കിട്ടാനും ഇനി അധികം സൌകര്യമുണ്ടു്. യൂറോപ്പിന്റെ മദ്ധ്യത്തിൽകൂടി ഒഴുകുന്നതും, ഇരുഭാഗത്തും ഫലപുഷ്ടിയുള്ള പ്രദേശങ്ങളെ പരിപാലിച്ചു വരുന്നതുമായ ഡാന്യൂബ് നദിയിലേക്കു ഇനി 80 നാഴികയെ ഉള്ളൂ. അധികം താമസിയാതെ റഷ്യൻ സേന അവിടെ എത്തി ജർമ്മൻകാരെ മറുകര കടത്തുമെന്നുള്ളതിലേക്കു സംശയില്ല. അതോടുകൂടി രാവണനെ ബാലിയുടെ വാലിന്മേൽ കുടുക്കിയ നാരദൻ ഒടുവിൽ ആ ലങ്കേശ്വരനോടു "ഇനി അനങ്ങാണ്ടെ കിടന്നോ" എന്നു പറഞ്ഞമാതിരി റഷ്യക്കു ജർമ്മനിയോടും പറയാവുന്നതാണ്.




ജനറൽ ആക്കിൻലെക്ക് തൻെറ പര്യടന വേളയിൽ ജലം എന്ന സ്ഥലത്തെ ആസ്പത്രിയിൽ തൻെറ പേരിൽ പുതുതായി പണിചെയ്യിട്ടുള്ള വാർഡ് സന്ദർശിക്കുന്നതു്.

# രാജകീയ ഇന്ത്യൻ നാവികസേന (റോയൽ ഇന്ത്യൻ നേവി) യിലെ പ്രവേശനാനുകൂല്യങ്ങൾ

(അതിലെ ഒരു ഉദ്യോഗസ്ഥൻ)

കടലിലെ ജീവിതത്തിനെപ്പററി പല തെററിദ്ധാരണകളുമുണ്ടു്. കുറച്ചുകാലം മുൻപു വരെ ഇന്ത്യയുടെ കടലോര സംരക്ഷണത്തിന്നും, കപ്പൽയാത്രകൾക്കുമെല്ലാം ഇന്ത്യ ഈ രാജകീയ നാവിക സേനയെ ആശ്രയിച്ചിരുന്നു; ഇന്നാകട്ടെ വിപുലവും, വളരെ പ്രാപ്തിയുള്ളതുമായി തനതായ ഒരു നാവികസേന ഇന്ത്യക്കുണ്ടു്. അതു് ഇന്ത്യൻ നാവികന്മാരാൽ നിറക്കപ്പെട്ടതും, ഇന്ത്യയുടെ തീരങ്ങളേയും വാണിജ്യത്തേയും പരിരക്ഷിക്കാനായുള്ളതും, ഇന്ത്യക്കാർക്കു ന്യായമായി അഭിമാനിക്കാവുന്നതും ആയ ഒന്നാണു്. ഈ നാവികസേനക്കു പല വിഭാഗങ്ങളുമുള്ളതിൽ ഒന്നു അറിയിപ്പു ശാഖയാണു്. കമ്പിവാർത്തകളും കമ്പിയില്ലാക്കമ്പിവാർത്തകളും ഇതിൻെറ ചുമതലയിലാണു്. അറിയിപ്പുകൂടാതെ ഒരു കപ്പലിന്നും പ്രവർത്തിക്കാനനുവാദമില്ല. നാവികവകുപ്പിലെ അടുത്ത സ്ഥലങ്ങളിലെ അറിയിപ്പുകൾ കൊടികൊണ്ടും വിളക്കുകൾകൊണ്ടുമാണു സാധിക്കുന്നതു്; പക്ഷെ അധികഭാഗവും കമ്പിയില്ലാക്കമ്പി മൂലമാണു് നടത്തുന്നതു്. ആഫ്രിക്കയിലെ ഡബ്ളിയൂ. ററി. (Weapon training = ആയുധപരിശീലന) സ്റ്റേഷനുകളിലെ ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ, പേഴ്സ്യൻ ഉൾക്കടൽ, ചെങ്കടൽ, ജാപ്പാൻകാരെ ഓടിച്ചുകഴിഞ്ഞാൽ സിങ്കപ്പൂർവരെയുള്ള ഇന്ത്യൻ കടൽതീരം തുടങ്ങിയ എല്ലാ കിഴക്കൻ പ്രാദേശിക അറിയിപ്പുകൾക്കും ഈ നാവികസേനയ്ക്കാണു ചുമതലയുള്ളതു്. ഈ അറിയിപ്പുകളുടെ വിഹിതം വളരെ കൂടിയതാണു്. സകല അറിയിപ്പുകളും ഇംഗ്ലീഷിലായതുകൊണ്ടു നല്ല ബുദ്ധിയും വിദ്യാഭ്യാസവും ഉള്ളതും, ഇംഗ്ലീഷു നല്ലവണ്ണം സംസാരിക്കുകയും എഴുതുകയും ചെയ്യാവുന്നതുമായ, ചെറുപ്പക്കാരെയാവശ്യമുണ്ടു്. മട്രിക്കുലേഷൻ പാസ്സായിരിക്കണമെന്നില്ല, പക്ഷെ മട്രിക്കുലേഷൻെറ പഠിപ്പുള്ളവരായിരിക്കണം.

യുദ്ധത്തിന്നു മുൻപു ഈ വയർലെസ്സ് (കമ്പിയില്ലാ കമ്പിത്തപ്പാൽ) ലോകകാര്യങ്ങളിൽ ഭയങ്കരമായ ഒരു ഭാഗമാണു വഹിച്ചിരുന്നതു. യുദ്ധകാലത്തു അതു ഒഴിച്ചു കൂടാത്തതാണു്. യുദ്ധാനന്തരം അതു കുറെക്കൂടി പ്രാധാന്യമർഹിക്കുന്നതായിരിക്കും. ഇന്ത്യയിൽ ഒരു വിപുലമായ വ്യവസായം വളർന്നുവരും. വ്യവസായശാലകൾ വില്പനക്കുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കാൻ തുടങ്ങും. പ്രക്ഷേപണ കേന്ദ്രങ്ങൾ വാർത്തക്കും, വിനോദത്തിന്നുമായി സ്ഥാപിതമാകും. അനവധി ജോലിക്കാരെ ഈ വ്യവസായത്തിലേക്കു ആവശ്യമുണ്ടാവും. നിത്യവും വികസിച്ചുകൊണ്ടേയിരിക്കുന്ന ഒരു വ്യവസായത്തിൽ നല്ല ഉദ്യോഗത്തിൽ ചേരുക എന്നൊന്നില്ല. യുദ്ധകാലത്തു പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതെല്ലാം ഗവമ്മേണ്ടിൻെറ അധീനത്തിൽതന്നെയാണു്. അതിനാൽ ഗവമ്മേണ്ടു ഉദ്യോഗത്തിലുള്ളവർക്കു മാത്രമെ ടെലിവിഷൻ (ദൂരദർശനം) തുടങ്ങിയ പുതിയ കണ്ടുപിടിത്തങ്ങളെപ്പററി പഠിക്കാൻ സാധിക്കുകയുള്ളു.

എല്ലാ വാർത്താ അറിയിപ്പു വിഹിതക്കാർക്കും പരിശീലനം ബോംബേയിലാണു്. അതു് ഏകദേശം ആറുമാസത്തേക്കുണ്ടു്. ബോംബേയിൽ ഒരു നല്ല കമ്പിത്തപ്പാൽ പരിശീലന സ്കൂളുണ്ടു്. ഇതിനെ കഴിവുള്ളേടത്തോളം നല്ല ഒരു സ്ഥാപനമാക്കുന്നതിലേക്കു എത്രയോ പണവും വിവേചനവും വിനിയോഗിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിലുള്ളതൊഴിച്ചു ഇന്നുള്ള ഏക നാവികപരിശീലന സ്കൂളിതാണു്; നമ്മുടെ ആളുകൾക്കു വളരെ നല്ല പരിശീലനം ഇവിടെനിന്നു ലഭിക്കുന്നു. അവർക്കു സന്തോഷവും സുഖവും നൽകാൻ സകലതും അവിടെയുണ്ടു്. സാങ്കേതിക പരിശീലനമായതുകൊണ്ടു്, അതു മിക്കവാറും ക്ലാസ്സു മുറികളാണു് നടത്തിവരുന്നതു്. അതിനാൽ നാവികരെ അരോഗദൃഢഗാത്രരാക്കുവാൻ ഫുട്ബാൾ, ഹോക്കി, ക്രിക്കററു്, വോളിബാൾ, ബോക്സിംഗ്, നീന്തൽ തുടങ്ങിയ കളികൾ അവിടെ ഏർപ്പെടുത്തിയിട്ടുണ്ടു്. ഇതെല്ലാം ഐഛികമാണു്, നിർബ്ബന്ധിതമല്ല.

നാവികൻെറ ജീവിതം കഷ്ടതരമാണെന്നു പലരും പറയുന്നു. ഇതാണു് അവരുടെ സ്കൂൾ ദിനചര്യാക്രമം: ആറര മണിക്കെഴുന്നേൽക്കുക, നാല്പതു മിനിട്ടു് കായികാഭ്യാസം ചെയ്യുക; കുളി, ക്ഷൗരം, വസ്ത്രധാരണം ഇവ കഴിഞ്ഞു പരിശോധനക്കു തയ്യാറാകുക. അതിന്നുശേഷം സംഗീതവാദ്യമനുസരിച്ചു ക്രമമായി ക്ലാസ്സുകളിലേക്കു മാർച്ച് ചെയ്യുക. പതിനൊന്നു മണിക്കു പതിനഞ്ചു മിനിട്ടു നേരത്തേക്കും, ഉച്ചക്കു ഭക്ഷണത്തിനായി ഒരു മണിക്കൂർ നേരത്തേക്കും വിശ്രമം ഉണ്ടായിരിക്കുന്നതാണു്. ക്ലാസ്സുകൾ നാലു മണിക്കു തീരുന്നു. നാലു മണിക്കുശേഷം ഓരോരുത്തരും അവരവരുടെ ഇഷ്ടംപോലെ കളിക്കുകയൊ, കത്തുകളെഴുതുകയൊ, സിനിമക്കു പോകുകയൊ ഒക്കെ ചെയ്യുന്നു. "നിങ്ങൾ സ്വാതന്ത്ര്യമായി പോകുമ്പോൾ എന്തുചെയ്യുന്നു, സ്നേഹിതരെ കാണുകയൊ, നടക്കാൻ പോകുകയൊ, സിനിമ കാണുകയൊ ചെയ്യാറുണ്ടോ" എന്നു ഒരു നാവികനോടു ചോദിച്ചാൽ "ഞാൻ സ്വതന്ത്രമായി ഒരിക്കലും പോകാറില്ല. എനിക്കാവശ്യമുള്ളതൊക്കെ ഞങ്ങളുടെ സ്കൂളിലുണ്ടു്" എന്നായിരിക്കും നിങ്ങൾക്കു കിട്ടുന്ന മറുപടി. സ്കൂൾ വകയായി ഒരു കാൻറീനുണ്ടു്. അവിടെ സകല പ്രതിദിനപത്രങ്ങളും വാരികകളും, വരുത്തുന്നുണ്ടു്. ഈ വായനശാലയിൽ സൌജന്യമായി ഈ പത്രങ്ങൾ വായിക്കാൻ കിട്ടുന്നു. കൂടാതെ, കൂടെക്കൂടെ അവിടെ പാട്ടുകച്ചേരികളും, സിനിമാകളും, മററു വിനോദങ്ങളും ഉണ്ടാവാറുണ്ടു്. അവിടെ ചായ, സിഗററു് തുടങ്ങിയ മററു ആവശ്യമുള്ള സാധനങ്ങളും കിട്ടുന്നതാണു്. സൌജന്യമായല്ല, വിലകൊടുക്കണം. അതിനാൽ വെളിയിൽ പോകേണ്ട ആവശ്യമില്ല.

ഒരു രാജകീയ ഇന്ത്യൻ നാവികോദ്യോഗസ്ഥൻ പറയുന്നു:—

ഞാൻ ഏകദേശം രണ്ടായിരം ഭടന്മാരുമായി പ്രത്യേകം പ്രത്യേകം അഭിമുഖസംഭാഷണം

നടത്തിയിട്ടുണ്ട്. അവരോടെല്ലാം ഞാൻ ഒരേ ചോദ്യം തന്നെയാണ് ചോദിക്കുന്നത്. വിചിത്രമായ അനവധി മറുപടികൾ എനിക്കു ലഭിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ദിവസം ഒരു ഭടൻ ഭാര്യയുടെ അമ്മയുമായി വഴക്കുകൂടിയതുകൊണ്ടാണ് അയാൾ നാവികസേനയിൽ ചേർന്നതെന്നു പറഞ്ഞു. പക്ഷെ, ഒട്ടുമിക്കവരും താഴെ കാണുന്നതിലൊരു കാരണമാണു പറയാറുള്ളതു: (1) ഉപയോഗമുള്ള ഒരു പ്രവൃത്തി പഠിക്കാനാണെന്ന്. (2) ആരോഗ്യപൂർണ്ണവും വീരനിർഭരവു (adventurous)മായ ഒരു ജീവിതം നയിക്കാനും, ലോകമൊട്ടാകെ കാണാനുള്ള അഗ്രഹംകൊണ്ടുമാണെന്ന്. ജ്ഞാനസമ്പാദനത്തിനു അന്യരാജ്യങ്ങളും, അന്യ ജനങ്ങളേയും കാണുന്നതുപോലെ സത്തായി മറെറാന്നുമില്ല. സമാധാനകാലങ്ങളിൽ, തൊഴിൽസംബന്ധമായിട്ടെന്നല്ല, മനോവികാസത്തിന്നായും, മററു രാജ്യക്കാരുടെ വിഷമങ്ങൾ മനസ്സിലാക്കി സ്വന്തം വിഷമങ്ങളെ പരിഹരിക്കാനുള്ള പ്രാപ്തി ഉണ്ടാകുന്നതിനായുമുള്ള, ദേശസഞ്ചാരത്തിന്നായി ധനികന്മാർ കോടിക്കണക്കായി പണം ചെലവാക്കുന്നു. നേവി മുഖാന്തരമല്ലാതെ ഒരാൾക്കു ലോകം ചുററികാണാനുള്ള മാർഗ്ഗങ്ങളും എനിക്കറിയാം. അതിന്നു പ്രതിഫലം ലഭിക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ കപ്പലുകൾ മിക്കവാറും ഐക്യരാജ്യത്തും, ആസ്ത്രേലിയയിലും, അമേരിക്കയിൽ പോലുമാണ് ഉണ്ടാക്കുന്നതു്. ഈ കപ്പലുകൾ ഇന്ത്യയിലേക്കു കൊണ്ടുവരുന്നതു പ്രസ്തുത രാജ്യങ്ങളിലേക്കു യാത്രക്കാരായി അയക്കപ്പെടുന്ന നാവികന്മാരാണ്. ഇവർ കപ്പൽപ്പണി പൂർത്തിയാകുന്നതു കാത്തു അവിടങ്ങളിൽ ഏതാനും ആഴ്ചകൾ താമസിക്കുന്നു.

ഈ കാലങ്ങളിൽ അവിടത്തെ ആളുകൾ അവരെ സൽക്കരിക്കുന്നു. ഇങ്ങിനെ പോയി വരുന്ന നാവികർ അവിടെ ഉല്ലാസമായി കഴിച്ച ദിവസങ്ങളെപ്പററി പറയാറുണ്ട്. ഒരു കപ്പൽ വിദേശത്തുനിന്നു കൊണ്ടുവരാനുണ്ടെന്നുള്ള വാർത്ത പരക്കുമ്പോഴേക്കു, പലരിൽനിന്നും, പോയി അതു കൊണ്ടുവരാൻ സന്നദ്ധമാണെന്നുള്ള നിരവധി അപേക്ഷകൾ ലഭിക്കുന്നു. ഇംഗ്ലണ്ടിൽ നിർബ്ബന്ധിതസൈന്യസേവനമുണ്ട്. ഇന്ത്യയിലതില്ലെന്നു അവക്കറിയാം. ഇന്ത്യൻ നേവിയിലെ ഭടന്മാർ സ്വന്തം മനസ്സാലെ ചേർന്നിരിക്കുന്നവരാണെന്നു അവക്കറിയാവുന്നതുകൊണ്ടു, അവരെ ആദരിക്കുകയും ബഹുമാനിക്കുകയും അവരോടു സർവ്വവിധമായ ഔദാര്യം (ആതിത്ഥ്യം) കാണിക്കുകയും ചെയ്യുന്നു.

ഇന്ത്യൻ നേവിയിലെ ഭക്ഷണം നല്ലതല്ലെന്നു ഒരിക്കൽ എന്നോടു സൂചിപ്പിക്കയുണ്ടായിട്ടുണ്ട്. ഈയിടെ ആഹാരവിഹിതം മാററിയിട്ടുണ്ട്, സസ്യാഹാരവും നിയന്ത്രിതാഹാരവും കൊടുത്തുവരുന്നു. നമ്മുടെ ഭടന്മാക്കു വേണ്ടതെല്ലാം കൊടുക്കാൻ കഴിയുന്ന ശ്രമമെല്ലാം ചെയ്യുന്നുണ്ട്. ഇരുപതുപേർ ഒരു മേശയിൽ ആഹാരം കഴിക്കുന്നു. കുറച്ചുമുമ്പ് ഒരു കമ്മിററിയോഗമുണ്ടായിരുന്നു. ഓരോ മേശയിലുമുള്ളവരുടേയും പ്രതിനിധികൾ അവരുടെ ആളുകൾക്കു വേണ്ടതെന്തെന്നു നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കി, അവക്കു മത്സ്യം വേണമെന്നു പറഞ്ഞു. വെള്ളിയാഴ്ചതോറും മത്സ്യം കൊടുത്തു. അവക്കു മാട്ടിറച്ചിവേണം. ഇപ്പോൾ ആട്ടിറച്ചി മാത്രമെ കൊടുത്തുവരുന്നുള്ളൂ. എല്ലാ ഞായറാഴ്ചയും പഴങ്ങൾ കൊടുക്കുന്നുണ്ട്. കൂടാതെ ദിവസംതോറും ഓരോ ഗ്ലാസ് നല്ല പാലും ഓരോ ഭടനും ലഭിക്കുന്നു. ഭക്ഷണസമയത്തു എല്ലാപ്പോഴും ഒരു ഉദ്യോഗസ്ഥൻ വന്നു ആവലാതി വല്ലതും ഉണ്ടോ എന്നന്വേഷിക്കാറുണ്ട്. അഞ്ചു മാസത്തേക്കു, ഭക്ഷണസംബന്ധമായി, അതിൻെറ തരം, അളവു, പാചകം, ഈ വക ഒന്നിനെപ്പററിയും യാതൊരു പരാതിയും ഞാൻ കേട്ടിട്ടില്ല. "സർ ഇയ്യാൾ എൻെറ ചപ്പാത്തി എടുത്തുകൊണ്ടുപോയി" തുടങ്ങിയ പരാതികൾ എപ്പോഴും ഉണ്ടായിട്ടുണ്ട്.

നമ്മുടെ താല്പര്യാർത്ഥമാണെങ്കിലും, ഈ നാവികഭടന്മാരുടെ ആരോഗ്യം ശരിയായി പരിപാലിച്ചുവരുന്നു. അതിലേക്കു ഏതുസമയത്തും പോയി കാണാനവകാശമുള്ള ഒരു ഡോക്ടരുണ്ട്. എട്ടുമണിക്കു സുഖക്കേടുകാക്കു വേണ്ടി ഒരു "റോന്തു"ണ്ടു. അപ്പോൾ സുഖക്കേടുകാരായ ഭടന്മാരാരെങ്കിലും ഉണ്ടെങ്കിൽ അവക്കു സുഖക്കേടു ഭേദമാകുന്നതുവരെ വിശ്രമമനുവദിക്കുന്നു.

ഇനി ശമ്പളക്കാര്യത്തെപ്പററിപറയാം. അറിയിപ്പു വിഹിതക്കാരനു* ആരംഭത്തിൽ അറുപതുറുപ്പിക ശമ്പളമുണ്ട്. ഇതിനെപ്പററി ആലോചിക്കുമ്പോൾ താമസസ്ഥലം, വസ്ത്രങ്ങൾ, ആഹാരം, വിനോദങ്ങൾ ഇവക്കെല്ലാററിന്നും പുറമെയാണ് ഇതെന്നോക്കണം. നാട്ടിൽനിന്നു ദൂരദേശത്തുള്ള ഒരു സാധാരണ ഉദ്യോഗസ്ഥൻെറ ശമ്പളമാലോചിച്ചുനോക്കൂ. വീട്ടുവാടക കൊടുക്കണം, ഭക്ഷണസാധനങ്ങൾ വാങ്ങണം, വസ്ത്രങ്ങൾ വാങ്ങണം, വണ്ടിക്കൂലി കൊടുക്കണം. അറുപതുറുപ്പികയിൽ കുറഞ്ഞാൽ ഇതെല്ലാം സാധിക്കുമൊ? അതുകൊണ്ടു ഒരു സാധാരണ ഉദ്യോഗസ്ഥൻെറ നൂററിരുപതുറുപ്പിക ശമ്പളത്തിന്നു സമമാണ് ഈ നാവികൻെറ അറുപതുറുപ്പിക ശമ്പളമെന്ന് വിനീതമായി കണക്കാക്കാം. "നാവികന്മാർ വകവെക്കുന്നില്ല" അരിയുടേയൊ, ശീലകളുടേയൊ, വില കേറുകയൊ, സിനിമാ ടിക്കററുകൾക്കു വില കേററുകയൊ ചെയ്യുമ്പോൾ നാവികൻ വകവെക്കുന്നില്ല. മാസത്തിൽ ഒരിക്കലാണ് ഈ ഭടന്മാക്കു ശമ്പളം കൊടുക്കുന്നതു്. ഒരു വലിയ മുറിയിൽവെച്ചാണ് അവർ ശമ്പളം വാങ്ങുന്നതു്. ആ മുറിയുടെ മറേറ അററത്തുള്ള ഒരു വലിയ മേശയുടെ സമീപത്തു, അലക്കുകാരൻ, തയ്യൽക്കാരൻ, ചെരുപ്പുകുത്തി, ക്ഷൌരക്കാരൻ മുതലായവരിരിക്കുന്നുണ്ടാവും. ഒരു ചെറിയ മേശയുടെ അടുത്തു വീട്ടിലേക്ക് എല്ലാ മാസവും പണം മണിയാർഡർ ചെയ്യാനായി രണ്ടു തപ്പാൽ ക്ലാക്കുമാർ തയ്യാറായി നില്ക്കുന്നുണ്ടാവും. സിഗ്നൽ സ്കൂളുകളിൽ, വിധവയായ മാതാവിനേയും, ഇളയ സഹോദരിമാരേയും സംരക്ഷിക്കുകയും, സഹോദരന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്തുവരുന്ന പതിനെട്ടു വയസ്സുപ്രായമുള്ള വിദ്യാർത്ഥികളുണ്ട്.

നിങ്ങളുടെ വിദ്യാഭ്യാസകാലം വേഗം കഴിയും. ഭാവിയിൽ എന്തുചെയ്യാൻ പോകുന്നു എന്നു തീരുമാനിക്കേണ്ടിയിരിക്കും. ആരോഗ്യസമ്പൂർണ്ണവും ക്ലേശരഹിതവുമായി ജീവിതം നയിക്കുവാനും ഉപയോഗപ്രദമായ ഒരു പ്രവൃത്തി പഠിക്കുവാനും, ലോകമാകെ ചുററി സഞ്ചരിക്കുവാനും അതേസമയംതന്നെ സ്വന്തമായി സമ്പാദിക്കുവാനും തക്കവണ്ണം ഈ അവസരത്തെ വിനിയോഗിച്ചു രാജകീയ ഇന്ത്യൻ നാവികസേനയിൽ ചേരാൻ നിങ്ങളിൽ ചിലർ ആലോചിക്കുമെന്നു ഞാൻ ആശിക്കുന്നു. ബുദ്ധിക്രമമുള്ളവരും, അഭ്യസ്തവിദ്യരും, പതിനേഴരയും ഇരുപതിനും വയസ്സിന്നിടപ്രായമുള്ളവരും, നല്ല ഇംഗ്ലീഷു സംസാരിക്കാൻ കഴിയുന്നവരുമായി അനവധി ചെറുപ്പക്കാരെ ഇപ്പോൾ എനിക്കാവശ്യമുണ്ട്.

* Communication rating.



ചക്രവർത്തിതിരുമനസ്സിലെ പുത്രികൾ തോട്ടത്തിൽ പൂ പറിച്ചുകൊണ്ടിരിക്കുന്നു.



ബഹുമാനപ്പെട്ട വേവൽ പ്രഭു ദക്ഷിണേന്ത്യൻ പര്യടന വേളയിൽ കടക്കിൽവെച്ച് ഒരു മദ്രാസ് സൈന്യവിഭാഗത്തെ സന്ദർശിക്കുന്നതു്.

# തെക്കെ ഇന്ത്യയിലെ തോക്കുകാർ ജാപ്പാൻകാരെ തകർക്കുന്നു

ഏതാണ്ട് ഒരു വർഷത്തിന്നു മുമ്പു വടക്കുപടിഞ്ഞാറൻ അതിർത്തിയിലെ ഒരു രംഗത്തിൽ പ്രവൃത്തി ആരംഭിച്ചതു മുതൽ ഒരു ഇന്ത്യൻ സൈന്യവിഭാഗത്തിലെ ഭടന്മാർ, ഇന്നത്തെ ആരാക്കൻ രംഗത്തിലെ എതിർപ്പിലും പ്രധാനമായ ഒരു ഭാഗം വഹിച്ചുവരുന്നു.

ഒരു ഇന്ത്യൻ സൈന്യനിരീക്ഷകൻ പറയുന്നു: "തെക്കെ ഇന്ത്യയിലെ തോക്കുപടയാളികൾ ഒരു നാല്പത്തഞ്ചു മിനിട്ടു സൈന്യത്തിലെ വ്യൂഹത്തിൽ തങ്ങളുടെ 25 റാത്തൽ ഘനമുള്ള തോക്കുകൾ പ്രയോഗിക്കുന്നതു ഞാൻ സൂക്ഷിച്ചിട്ടുണ്ട്. തോക്കു നിറപ്പുകാരൻ മദിരാശിക്കാരൻ ധനികാചലം എന്ന ക്രിസ്ത്യാനിയായിരുന്നു. യുദ്ധത്തിൽ ചേർന്നപ്പോൾ അയാൾ കേവലം ഒരു അടിച്ചുവാരുകാരനായിരുന്നു. പക്ഷെ ഒരു തോക്കുകാരനായി നിയമിച്ചപ്പോൾ അയാൾ കാണിച്ച സാമർത്ഥ്യത്താൽ, തോക്കിനെ സംബന്ധിച്ച ഏററവും ചുമതലയേറിയ ഒന്നായ തോക്കുനിറപ്പു പ്രവൃത്തിയിലേക്കു അയാൾക്കു വേഗം കയററം ലഭിച്ചു.

ഈ സൈന്യവിഭാഗം വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ ഒരു ബ്രിട്ടീഷ് എൻ. സി. സി. (കമ്മീഷനില്ലാത്ത ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ) യുമായുണ്ടായ ചെറിയ ഏററുമുട്ടലോടും അവരുടെ പ്രശംസയോടുംകൂടി ആവിർഭവിച്ചു. ഇതു ആദ്യമായി പ്രവൃത്തിയിൽ ചേർന്നതു് ജനുവരി 20-ാംനു-യാണ്. ഇന്നാകട്ടെ നമ്മുടെ യുദ്ധരംഗത്തിലെ കാലാൾപ്പടയൊന്നിച്ച് അതിന്റെ സഹായാർത്ഥം അവിശ്രാന്ത പരിശ്രമത്തിലേർപ്പെട്ടിരിക്കുന്ന പീരങ്കിക്കാരായി തങ്ങളുടെ മുഴുവൻ പങ്കു ഏററു പ്രവർത്തിക്കുന്നു.

ബ്രിട്ടീഷ് എൻ. സി. ഒ. കൾ മിക്കവാറും തോക്കുപ്രയോഗത്തിൽ ഇപ്പോഴും രണ്ടാം നമ്പരുകാരാണ്; ഞാൻ വീക്ഷിച്ചുകൊണ്ടിരുന്ന സംഘക്കാരുടെ തലവനായി ജോലി ചെയ്തിരുന്നതു് മിഡിൽസെക്സ്കാരനായ ജി. ടി. എം. ഡെന്നിസനാണ്. തന്റെ തോക്കുപടയാളികളുടെ ഉച്ചരിക്കാൻ വലിയ പ്രയാസമുള്ള പേരെല്ലാം അയാൾ ഹൃദിസ്ഥമാക്കുകയും, അവർക്കു അദ്വിതീയമായ പരിശീലനം കൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി കഴിഞ്ഞാൽ അയാളും തന്റെ പടയാളികളും കൂടി ഉല്ലാസമായി "ചാറി" നെ സ്വാഗതം ചെയ്യുന്നു.

ഈ പടയാളികളിൽ മിക്കവരും മദിരാശി സംസ്ഥാനത്തിലും, തിരുവിതാംകൂറിലും ഉള്ള ഗ്രാമവാസികളാണ്. അവർ തമിഴ്, തെലുങ്ക്, മലയാളം എന്നീ ഭാഷകൾ സംസാരിക്കുന്നു.

# പുല്ലാര നേർച്ച

(കെ. പി. കുഞ്ഞിക്കോയ തങ്ങൾ,

പ്രോപ്പഗാൻഡിസ്റ്റ്, മഞ്ചേരി.)

മലബാർ ജില്ലയിൽ ഏറനാട്ട താലൂക്കിൽപെട്ട വള്ളുവമ്പ്രം അംശത്തിൽ "പുല്ലാര" എന്ന സ്ഥലത്തു പുരാതനമായി കഴിച്ചുവരുന്ന "പുല്ലാര നേർച്ച" ഒട്ടധികം മാപ്പിളമാരെ ആകർഷിക്കുന്ന ഒരു വമ്പിച്ച ഉത്സവമാണ്. ഏറനാട്ടിൽ, നാടൻകരിമരുന്നുകൾക്കു പ്രസിദ്ധി നേടിയ പ്രസ്തുത നേർച്ച, മൂന്നു നാലു കൊല്ലങ്ങൾക്കു മുമ്പില്ലാത്ത വിധം അനാവധി കരിമരുന്നുപ്രയോഗങ്ങളോടും ആഘോഷത്തോടും കൂടിയാണ് ഈ കൊല്ലം കഴിഞ്ഞുകൂടിയത്. ദേശീയസമര മുന്നണി അതിന്റെ നേർമാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുവാൻ പ്രസ്തുത സ്ഥലവും ഉപയോഗപ്പെടുത്തുകയുണ്ടായി. ഏപ്രിൽ 2-ാംനു മുതൽ ഈ താലൂക്കിൽ സഞ്ചരിച്ചുതുടങ്ങിയിരിക്കുന്ന "പ്രോപ്പഗാണ്ട വാൻ" നേർച്ചയുടെ പ്രധാന ദിവസമായ ഏപ്രിൽ 7-ാംനു അവിടെ എത്തിച്ചേർന്നു. നേർച്ചസ്ഥലത്തു വിശാലമായ വയലിൽ പ്രത്യേകം ഏർപ്പാടു ചെയ്ത സ്ഥലത്തുവെച്ചു ദേശീയസമരമുന്നണിയുടെ ആഭിമുഖ്യത്തിൽ രാത്രി 9 മണിക്കു ഒരു വമ്പിച്ച പൊതുയോഗം ചേർന്നു. യോഗത്തിൽ ഏറനാട്ട താസിൽദാർ ശ്രീ പി. പി. ഗോവിന്ദൻ ആദ്ധ്യക്ഷ്യം വഹിച്ചു. ഉപക്രമപ്രസംഗാനന്തരം "മാപ്പിളമാരും, റിക്രൂട്ട്മെണ്ടും" എന്ന വിഷയത്തെ പരാമർശിച്ചു താലൂക്കു പ്രോപ്പഗാണ്ടിസ്റ്റ് മി. കെ. പി. കുഞ്ഞിക്കോയ തങ്ങളും, ഇന്നത്തെ യുദ്ധസ്ഥിതിയെ കുറിച്ചും മററും ഡി. ലക്ചറർ മി. എം. അശോകനും സാരസമ്പൂർണ്ണമായ പ്രസംഗങ്ങൾ ചെയ്തു. സമരമുന്നണിയെകുറിച്ചു ജ. പുലിക്കോട്ടിൽ ഹൈദർ എഴുതിയ "മാപ്പിള കേസ്സ് പാട്ട" ജ. എ. അഹമ്മതുണ്ണി സാഹിബ് (മമ്പാട്ട) കർണ്ണാനന്ദകരമാംവണ്ണം സദസ്യരെ പാടി കേൾപ്പിച്ചു. അദ്ധ്യക്ഷന്റെ ഉപസംഹാരത്തിന്നും, താലൂക്കു പ്രചാരകൻ മി. കുഞ്ഞിക്കോയ തങ്ങളുടെ നന്ദിപ്രകടനത്തിന്നും ശേഷം യോഗം സമംഗളം പര്യവസാനിച്ചു. യോഗാനന്തരം സിനിമാപ്രദർശനവും ഉണ്ടായിരുന്നു.



# ധീരരമണി

## (ഭാഷാസംഗീത നാടകം—ഏകാങ്കരൂപകം)

ശ്രീമാൻ കുറുവങ്ങാട്ടു കെ. ജി. പണിക്കർ, വൈത്തിരി.

(പകർപ്പവകാശം ഗ്രന്ഥകർത്താവിനുമാത്രം)

നാന്ദി.

പോരാളുന്നബലം, പരംജയകരം,
പാരിൽ സദാനന്ദകൃതം,
ഘോരാകാരമതിവഭീകരതരം
സൈന്യസ്ഥിതം ദുഷ്കരം.
നേരേല്ലും സുകരം, നരന്നു സകലാ-
ഭീപ്രദം ശ്രീകരം,
ധൈര്യം, ഭീതിഹരം നമുക്കു നിയതം
നൽകട്ടെ സന്മംഗളം.

(നടന്മാരെല്ലാവരുംകൂടി പ്രാർത്ഥന)

മായാമാളവ ഗൌളം—ആദി

(പല്ലവി)

ദേവാധിദേവാ ! ദിനകരപ്രഭാവാ ! തൊഴു
തേൻ (ദേവ)

(അനുപല്ലവി)

ഭാവപ്രമോദദാ ! കൈവല്യദായക ! സുഖം-
ദേഹി ദയാവാരിനിധേ !
രാമ ! രാമ ! രമണീയവിലാസ !
പ്രേമരൂപ ! പരമാനന്ദാകര-
ക്ഷേമകാരണാ ! ജനാവനാ !
മനമോഹന ! വരഗുണ ഭൂഷണ ! (ദേവ)

(ചരണം)

സുമംഗളകര ! സുമ-
കുമാരീവര ! ബാല-
ഗോപാല കവിരചിത
ഭാഷാ സംഗീതനാടക
പദപ്രകീർത്തിത, 'ധീരരമണീ' നുത,
'മായാമാളവലയ'
രാഗവിനോദാ ! നാഥാ !
ജയമഖിലം കുരുതെ പുരു (ദേവ)

### അങ്കം I

#### രംഗം 1

(ദാദറാവു പേശ്വായുടെ ആലോചനാമണ്ഡപം. പേശ്വായും മന്ത്രി മഹേശ്വർ റാവുവും തമ്മിൽ കാര്യവിചാരങ്ങൾ നടക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. സമയം പൂർവ്വാഹ്നം.)

പേശ്വാ : നമ്മുടെ അധികാര പരിധിയെ അധഃകരിച്ചുകൊണ്ടു ഒരു സ്ത്രീമേധാവിത്വം തല പൊക്കുക—സമുദ്രത്തെ അലക്ഷ്യമാക്കികൊണ്ടു ഒരു തരംഗിണി [അഹംകരിക്കുക—മന്ത്രീ ! ഇൻഡോറിന്റെ ഇപ്പോഴത്തെ നില ഭവാൻ ഓർക്കുന്നില്ലെ ?

മന്ത്രി : ഉണ്ടു്. അഹല്യാഭായി സ്വയം അഭിഷിക്തയായി രാജസിംഹാസനത്തിൽ ഇരുന്നു ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ വസ്തുത എന്റെ ഹൃദയത്തെയും പലവുരു മഥനം ചെയ്തു കഴിഞ്ഞിട്ടുണ്ടു്.

പേശ്വാ : മൽഹർ റാവുവിന്റെ പരാക്രമവൈദഗ്ദ്ധ്യത്തെയും മാലിറാവുവിന്റെ അവകാശസ്ഥൈര്യത്തെയും നാം വകവെച്ചു കൊടുക്കേണ്ടതു തന്നെ. അവയെ നാം യഥാകാലം സമ്മതിച്ചും പോന്നു. പക്ഷെ ..........

മന്ത്രി : അതെ തിരുമേനിയുടെ അഭിപ്രായം തന്നെയാണെനിക്കും. ഒഴിഞ്ഞു കിടന്നിരുന്ന സിംഹാസനത്തിൽ, സ്വാഭിപ്രായം മാത്രം മുൻനിർത്തി തന്നത്താൻ ഭരണാധികർത്രിയായികഴിഞ്ഞു, ആരോഹണം ചെയ്ത ഒരു സ്ത്രീയുടെ അഹമ്മതിയെ നിലനിർത്തുന്നതിനു് നമുക്കു ഒരിക്കലും അനുവദിച്ചുകൂട.

പേശ്വാ : വളരെ വാസ്തവം !...... അവളുടെ അവിവേകത്തിന്റെ പാരമ്യം നോക്കു. ഏറിയകാലമായി ഹോൾക്കാർ വംശത്തിന്നു ഒരുപ്രത്യേകഭൂഷണമായി കഴിയുന്ന എന്റെ ഒരഭിപ്രായത്തിന്നുകൂടി അവൾ ആവശ്യപ്പെട്ടില്ല. അഹല്യയുടെ രാജകീയബന്ധത്തിന്റെ ആദികാരണകർത്താവു ഞാനാണെന്നുകൂടി ഈ അവസരത്തിൽ അവൾ ഓർത്തില്ല. (കൂടുതൽ ക്രുദ്ധതയോടുകൂടി) ധിക്കാരം ! ക്ഷന്തവ്യമല്ലാത്ത അഹംകാരം.

മന്ത്രി : പ്രഭോ ! സമാധാനിക്കുക. വിവേകഹീനതയും, വിസ്മൃതിയും മനുഷ്യസാധാരണമാണു് ; അങ്ങയുടെ പ്രാഭവത്തെ കുറിച്ചു രാജ്ഞി ഒട്ടൊന്നു അജ്ഞയും. ഈ നില ഓർക്കുമ്പോൾ ഇൻഡോറിലെ ഭരണാധിപയുടെ ചാപല്യങ്ങൾ അങ്ങയുടെ അക്ഷയയശസ്സിൽ ഒരു കളങ്കമുണ്ടാക്കുവാൻ പര്യാപ്തങ്ങളല്ലെന്നു പറയാം. മഹാത്മക്കളായ കവികൾ പറയുന്നു:

ശങ്കരാഭരണം-ആദി

(പല്ലവി)

മഹിളകളേറെ ചപലകൾ,
അവർ ചെയ്യും കൃതികളതിവപുമാൻ
നണ്ണുകയോ ബലമായ് (മഹി)

(അനുപല്ലവി)

പൌരുഷഗതിയിൽ പരാഭവം
വരുവതു മതിലേതാനുമോതാൻ (മഹി)

(ചരണം)

അനഘം നനുഗുണയുതം അതി വിപുലം
സംഗ്രാമസന്നാഹം ധാർമ്മിക രണത്തിൽ
ഉതകണമിതുതാൻ ഗോപാലകവിധി,
ഗീതാദരപരമാദിമഹദ്വാക്യവുമേ (മഹി)

പേശ്വാ : കവിവാക്യം അനുസരണീയം തന്നെ. പക്ഷെ, ഒരു മഹാരാജാവിന്റെ അന്തസ്സിന്നു കുറവും, യശസ്സിൽ അപശ്രുതിയും ഉണ്ടാക്കുന്നതു് ഏതോ, അതു രാജ്യരക്ഷയെ ഉദ്ദേശിച്ചു നശിപ്പിക്കുകതന്നെ വേണം. സമാധാനരക്ഷകളുള്ള കർമ്മനിയമങ്ങൾ സ്ത്രീ പുരുഷവ്യക്തിഭേദങ്ങൾ ദർശിച്ചു അടക്കത്തക്കവയല്ല. (ക്രുദ്ധിച്ചുകൊണ്ടു) ആ ധൃഷ്ടയുടെ അഹമ്മതി ഇനിമേലിൽ ജീവിച്ചുപോകരുതു്. അതിനുള്ള പരിപാടികൾ തയാർ ചെയ്യു. ശീഘ്രം.

മന്ത്രി : ഉത്തരവ്. തിരുമേനി, അടിയനു കുറച്ചിടകൂടി കല്പിച്ചു അനുവദിക്കണം. അല്പം ചിലതുകൂടി തിരുമുമ്പാകെ ബോധിപ്പിച്ചുകൊള്ളട്ടെ.

രാജാ : (പൂർണ്ണസമ്മതം ഭാവിക്കാത്തമട്ടിൽ) ശരി, ഇംഗിതം നടക്കട്ടെ.

മന്ത്രി : ജസ്വന്തറാവു ഹോൾക്കാർ (പേർകേട്ട ഉടൻ രാജാവു അല്പം സങ്കോചത്തോടുകൂടി നൈരാശ്യം ഭാവിക്കുന്നു) ആണ് ഇന്നു ഇൻഡോറിലെ സചിവോത്തമൻ. അദ്ദേഹത്തിന്റെ ഭുജബലമൊ, ബുദ്ധിശക്തിയൊ, സ്വാമിഭക്തിയൊ ഏതൊന്നാണു് മികവേറുന്നതെന്നു് ഇന്നും തീരുമാനപ്പെടാതെയാണിരിക്കുന്നതു്. ആ പുരുഷകേസരിയുടെ നിയന്ത്രണത്തിലാണു് അഹല്യാദേവിയുടെ ഭരണയന്ത്രം. അതിനെ അപഥത്തിൽ തള്ളി അടിപ്പെടുത്തുക സുസാധ്യമായിരിക്കുകയില്ലെന്നു അങ്ങു അറിയണം.

പേശ്വാ : തീർച്ചയായും അസാദ്ധ്യമല്ലെന്നു. മന്ത്രീ ! കഴുകനേയും കവച്ചുവെച്ചു കാക്ക പറക്കുകയോ ?

കാംബോജി—രൂപകം.

(പല്ലവി.)

ഏതുനാളിലും നീതിപോകുമോ ?
ദൈവികംശാശ്വതം (ഏതു)

(അനു പല്ലവി)

ഊഴിയിൽ മന്നനാണുദകളീശാ
അഖിലവും രാജകല്പനപോൽ വേണം (ഏതു)

ചരണം

ശക്തനഭീഷ്ടം തികച്ചും ഗ്രഹിച്ചതിമോദാൽ
നില്ക്കുകയും, പരൻ പരമെട്ടും ശ്രമപൂർവ്വം-
ദുഃഖിക്കുകയും, ഈ ദുസ്ഥിതികേവലം-
നീക്കണം നൂനം, ഗോപാലകവിശ്രുതം (ഏതു)

മന്ത്രി : അങ്ങയുടെ അഭിപ്രായം പരമാർത്ഥം തന്നെ. അഹല്യാഭായിയുടെ അനാദരപ്രഭാവത്തിന്നു ഭേദഗതിവരാത്ത അഭാവം നമുക്കുടൻ തന്നെ വരുത്തിക്കളയാം.

പേശ്വാ : ഭേഷ്. അതാണു് വേണ്ടതു്. അതിനെന്തെല്ലാമാണു് വഴികൾ.

മന്ത്രി : ഒന്നാമതായി അഹല്യാഭായിയുടെ മന്ത്രിപദത്തിൽനിന്നു ജസ്വന്തറാവുവെ അവരോഹണം ചെയ്യിക്കണം. അതു സാധിച്ചു കഴിഞ്ഞാൽ, നമ്മുടെ ഉദ്ദേശ്യം തികച്ചും സാധിച്ചു കഴിഞ്ഞുവെന്നു തന്നെ നമുക്കു കരുതാം.

പേശ്വാ : വാസ്തവം. അതെങ്ങിനെ കഴിയും ?

മന്ത്രി : അതോ, ജസ്വന്തറാവു ഒരു സാക്ഷാൽ സ്വാമിഭക്തനും, ഒരജയ്യവിക്രമിയുമാണെങ്കി

ലും, അമിതാഭിമാനമെന്ന ഒരു ദോഷം അദ്ദേഹത്തിന്നു ജന്മസിദ്ധമായുണ്ട്. ആ മായാകളങ്കത്തിൽ ഊന്നിച്ചവിട്ടിക്കൊണ്ടു് നമുക്കു ശീഘ്രം വിജയസോപാനത്തിലേക്കു കയറുവാൻ കഴിയും. ഒരു സ്ത്രീയുടെ ഭരണപോതത്തിന്നു അമരം പിടിക്കുക എന്നതു് അദ്ദേഹത്തെ പോലെയുള്ളവർക്കു മാനഭംഗമാണെന്നും, അദ്ദേഹത്തിൻെറ സിംഹവിക്രമം ഒരു രാജകീയ പട്ടത്തെ അവകാശപ്പെടുന്നതാണെന്നും, അതു സ്ഥാപിക്കുവാൻ ഏററവും പററിയ അവസരം ഇതുതന്നെയാണെന്നും അദ്ദേഹത്തോടു പറഞ്ഞുധരിപ്പിക്കാം.

പേശ്വ : കൊള്ളാം. എന്നാൽ ?

മന്ത്രി : എന്നാൽ അദ്ദേഹം ആഭിജാത്യത്തേയും അഭിമാനത്തേയും ഓർത്തു ആവേശംകൊള്ളും.

പേശ്വ : അപ്പോൾ ?

മന്ത്രി : ഉടനെ തക്കത്തിൽ അഹല്യാഭായിയെ സ്ഥാനഭ്രഷ്ടയാക്കി, സ്വയം രാജപദത്തിൽ ഉപവിഷ്ടനാകുവാൻ ജസ്വന്തറാവുവെ പ്രേരിപ്പാക്കാം. യഥാകാലം അദ്ദേഹത്തെ സഹായിക്കുവാൻ പേശ്വയും എത്തുമെന്നും, സ്ത്രീനായകത്വത്തെ അവജ്ഞയോടുകൂടിയാണു് നാമും വീക്ഷിച്ചുവരുന്നതെന്നും, പരേതനായ മൽഹാർ റാവുവിൻെറ അതിപ്രാചീനമായ മൈത്രീബന്ധത്തെ അനുസ്മരിച്ചുമാത്രം നാം നേരിൽ ആഹവം വിളംബരപ്പെടുത്തുന്നില്ലെന്നും, അങ്ങയുടെ അധിരോഹണപുണ്യകൃത്യത്തെ പേശ്വതന്നേയും അത്യന്തം ആനന്ദാനുകൂല്യങ്ങളോടു കൂടി സ്വാഗതം ചെയ്യുവാൻ വളരെ കാലമായിട്ടു കാത്തിരിക്കുകയാണെന്നും അദ്ദേഹത്തെ വിശ്വസിപ്പിക്കാം.

പേശ്വ : ശരി! ശരി! ഇതെല്ലാം വളരെ നന്നായി. ഈ കൃത്യം ആരു നിർവ്വഹിക്കും! നമ്മുടെ സുബ്ബറാവു അല്ലെ ?

മന്ത്രി : അതെ!

പേശ്വ : എന്നാൽ ഉടൻ ഭവാൻതന്നെ അദ്ദേഹത്തെ നേരിട്ടുകണ്ടു് വസ്തുതകൾ ഗ്രഹിപ്പിച്ചു് കാര്യം ഫലപ്രദമാക്കു.

മന്ത്രി : കല്പനപോലെ. (ഇരുവരും പോകുന്നു.)

കർട്ടൻ.

## രംഗം II

(ബദ്ധശ്രദ്ധനായി ചില കടലാസ്സുകൾ നോക്കിക്കൊണ്ടിരിക്കുന്ന ജസ്വന്ത റാവുവിൻെറ മുറിയിൽ ഒരു ശിപായി പ്രവേശിച്ചു് വണങ്ങി ഒരു കുറിപ്പു മുമ്പിൽ വെച്ചുകൊടുക്കുന്നു.) (സമയം നിശാകാലം.) ജസ്വന്ത റാവു കുറിപ്പുനോക്കി അകത്തു പ്രവേശിപ്പിക്കുവാൻ തലയാട്ടി ആജ്ഞാപിച്ചു, വീണ്ടും സസൂക്ഷ്മം കടലാസ്സുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

സുബ്ബറാവു : (പ്രവേശിച്ചു) അമാത്യ രത്നമെ! നമസ്കാരം. വിജയമസ്തു!

ജസ്വന്ത : (കണ്ടതായി നടിച്ചു) നമസ്കാരം. ഇരിക്കുക. (വീണ്ടും കടലാസ്സു നോക്കിക്കൊണ്ടിരിക്കുന്നു.)

സുബ്ബ : (ഇരുന്നു) അടിയന്തര പ്രവൃത്തിയായിരിക്കും! കണക്കുകൾ ഇന്നു ഹാജരാക്കേണ്ടുന്നവയായിരിക്കുമൊ ?

ജസ്വ : എന്തു കണക്കുകൾ ?

സുബ്ബ : എന്തുകണക്കുകളാണാവൊ ഇതെല്ലാം ?

ജസ്വ : ഹേ! ഇതൊന്നും കണക്കുകളല്ല. നിയമനിർമ്മാണ സമിതിയിൽവെച്ചു തീരുമാനിക്കപ്പെട്ട ചില സംഗതികളുടെ വിശദീകരണങ്ങൾ ഇവ ഒന്നു നോക്കിപ്പോവുകമാത്രം.

സുബ്ബ : ഓഹോ! അങ്ങിനെയോ ?...... (വ്യസനം ഭാവിച്ചുകൊണ്ടു്) കഷ്ടം! ....

ജസ്വ : ഉം. എന്ത ?

സുബ്ബ : മറെറാന്നുമില്ല. ഞാൻ അങ്ങയെ ഓർത്തു വ്യസനിക്കുന്നു.

ജസ്വ : കാരണം ?

സുബ്ബ : ഹ! കാരണമോ! കൃപാണത്തിൻെറ മിന്നാട്ടത്തിൽ പെട്ടു, വജ്രഭാതി പരിഗ്രഹിക്കേണ്ടുന്ന അങ്ങയുടെ ആയസബാഹുക്കളിൽ ചപലതയും വായാടിത്വവും തങ്ങിനില്ക്കുന്ന തൂലികത്തുമ്പം.—പരാക്രമവാരിധിയുടെ തിരത്തള്ളലിൽ, വിനോദപോതത്തിൻെറ വിഹാരവിശ്രമം 'ഹാ' എന്തൊരു വൈപരീത്യം. മഹാറാണിയായി തന്നത്താൻ ആരോഹണം ചെയ്യിച്ച ഒരു സ്ത്രീക്കു് ഇഷ്ടാനുവർത്തിയായ, കാര്യ പരിപാടികൾ നിറവേററുവാൻ ഒരു പുരുഷകേസരി. ഭേരിനാദത്തിന്നു് കീഴടങ്ങിക്കൊണ്ടു ഒരു മേഘഗർജ്ജനം—വീടു കാക്കുവാൻ ഒരു ചെന്നായ!!"

ജസ്വ : പണ്ഡിതവരേണ്യനായ അങ്ങയുടെ സാഹിത്യസരണിയിൽ എന്തെല്ലാമൊ വ്യംഗ്യങ്ങൾ ഉണ്ടു്. പക്ഷെ, അവ അത്രയും എനിക്കു മനസ്സിലായിക്കഴിഞ്ഞിട്ടില്ല. ഒന്നു മാത്രം എനിക്കു മനസ്സിലായി. അതായതു, എൻെറ ആഭിജാത്യത്തിന്നും അഭിമാനത്തിന്നും യോജിക്കാത്ത ഒരു പ്രവൃത്തിയിലാണു് ഞാൻ ഏൎപ്പെട്ടിരിക്കുന്നതെന്നു്.

സുബ്ബ : അതെ.

ജസ്വ : അതെന്താണു് അങ്ങു് ഇപ്പോൾ ഇങ്ങിനെ പറയുന്നതു്. ഞാൻ മൽഹാർ റാവു ഹോൾക്കാറിൻെറ കാലം തുടങ്ങിയേ ഇൻഡോറിലെ മന്ത്രിയാണു. അതേ നില ഇന്നും തുടൎന്നുവരുന്നതല്ലേയുള്ളു. ഭരണകൂടത്തിൻെറ പലേ ഘടകങ്ങളും ഒരു അമാത്യൻ ദൈനംദിനം കണ്ടെത്തേണ്ടതായും ഉണ്ടാവും. തദാവശ്യാർത്ഥം ചില രേഖകൾപരിശോധിക്കണം ചെയ്യുന്നു.

സുബ്ബ : അങ്ങിനെയാണല്ലേ? ഇതു ഞാനും ഊഹിച്ചിട്ടുണ്ടു്. ഒരു മഹാരാഷ്ട്രൻെറ കർത്തവ്യകർമ്മം ധർമ്മയുദ്ധമാണെന്നു അങ്ങു് ഓർക്കണം. അവൻെറ അഭ്യുന്നതിയും ആഹവത്തെ ആശ്രയിച്ചാണിരിക്കുന്നതു്. മൽഹർറാവു ഹോൾക്കാർ അങ്ങേക്കു പററിയ ഒരു സ്വാമിയായിരുന്നു. അങ്ങയുടെ അനിതരസാധാരണമായ രണനൈപുണ്യം അന്നു് അകത്തൊളിച്ചിരിക്കേണ്ടിവന്നിട്ടില്ല. അന്നു് അങ്ങു് വിജയശ്രീലാളിതനായിരുന്നു. ഇന്നു് അങ്ങു് ജിതസ്ത്രീ.....................

ജസ്വ : (തടഞ്ഞുകൊണ്ടു്) അതങ്ങു് പറയരുതു്.

സുബ്ബ : ഇല്ല. പറയുന്നില്ല. പറയേണ്ടുന്ന സന്ദർഭം ഇതാണെന്നു വ്യക്തമാക്കിയെന്നുമാത്രം.

ജസ്വ : (വിചാരസ്തബ്ധനായി സ്ഥിതി ചെയ്യുന്നു.)

സുബ്ബ : അങ്ങു് വിചാരപ്പെടേണ്ടതില്ല. ഞാൻ പറയുന്നതു യഥാർത്ഥമാണു്, അല്ലെങ്കിൽ അങ്ങു് സദ്യശസ്സും സമ്പത്തും സ്വയമേവ സാമീപ്യം ആശ്രയിച്ചു് പരിഗ്രഹം പ്രാർത്ഥിക്കുന്നതിനെ കേൾക്കാതിരിക്കുമോ.

അഠാണ—രൂപകം.

(മധുരരാജവജനിയേ—എന്ന മട്ടു്.)

സ്നേഹമുക്തിതം വിക്രമംതവ<br>
മോഘമോഹന മൌക്തികം ; ഭവാ-<br>
നീക്ഷികാ കരനായാൻ, ഇന്നിതൊ-<br>
ന്നീഹാ ഹേതുക മാഹാവാസനം,

(ജസ്വന്തറാവു ചെകിട പൊത്തിക്കൊണ്ടു്)

(എ) ഉട്ടണ്ഡിതമോതുന്നിത്ഥം ഭവാനെന്നിൽ<br>
ഉദ്വേഗമുത്താല മേകാൻ.<br>
അദ്യാപി സ്വാമിനീ ഭക്തിയൊന്നല്ലാതെൻ<br>
ചിത്ത മറിഞ്ഞില്ലതെല്ലും . . . . . .

സുബ്ബ : (ഗദ്യം) കഷ്ടം! ഇതെങ്ങിനെ വിശ്വസിക്കും!

(ജസ്വന്തറാവു ശ്രദ്ധിക്കുകയും ആലോചിക്കുകയും ചെയ്യുന്നു.)

(ബി) സ്വാമിനരനെന്നും നാരികെന്നുള്ളതെ<br>
നൈമിത്തികം വിധിയോഗം,<br>
ശ്രീമാൻ ഭവാനൊരുമർത്ത്യ സിംഹംവധൂ<br>
ധാമോപജീവിയോ? വെറുതെ, സുമതേ!<br>
ചൊല്ലുകയാണിതുതാൻ<br>
തെല്ലുമിദം ഓർതാൻ<br>
കില്ലില്ലങ്ങേതാൻ,<br>
നല്ലതു, പക്ഷെ ഞാൻ,-<br>
തരിമ്പും നിനസ്സില്ല, നൂനം നികാമം<br>
മലിമ്പം ക്ഷണം തേവിടാൻ മന്ത്രിഭാവം,<br>
ആയോധനംചെയ്തു ന്യായമായ്ത്തൽ [ക്ഷണം<br>
രാജ്യശ്രീയെ ഭവാൻ അണിവാനുമുഴവൻ<br>
(സ്നേഹ)

ജസ്വ : വിജ്ഞാന ഹൃദയനായ അങ്ങുകൂടി ഇങ്ങിനെ വിശ്വസിക്കുന്നു. പിന്നെ സാധാരണ ലോകത്തിൻെറ വിചാരം എന്തായിരിക്കും. അതെ, എൻെറ വാസ്തവം എന്തു തന്നെ ആയിരുന്നാലും പ്രകൃത്യനുകൂല സങ്കുചിത ഹൃദയമായ സാമാന്യ ജനത എന്നെ കുറിച്ചു് അങ്ങു പറയുന്നതു തന്നെ വിചാരിക്കും. അങ്ങയുടെ അഭിപ്രായം അക്ഷരംപ്രതി അർത്ഥവത്താണു്. എനിക്കതു വളരെ യഥാർത്ഥമായും തോന്നുന്നുണ്ടു്. (സുബ്ബറാവു ചാരിതാർത്ഥ്യം നടിക്കുന്നു). പോരെങ്കിൽ, ഇന്നു് ഇൻഡോറിലെ ഭരണക്രമം എൻെറ ആജ്ഞയേയും അനുജ്ഞയേയും അനുസരിച്ചാണു്. സന്ദർഭവും സൌകര്യവും ഇത്രമേൽ അനുകൂലിച്ചിട്ടു കൂടി, ഞാൻ ഇൻഡോറിലെ സിംഹാസനം ആഗ്രഹിക്കുന്നില്ല. അതിനാൽ, എൻെറ ആശയശുദ്ധിയെ അന്യഥാ സമർത്ഥിക്കുവാൻ ഇതൊരു തക്കതായ കാരണമാണെന്നുപോലും സാമാന്യ ജനങ്ങൾ ഉച്ചൈസ്തരം ഉദ്ഘോഷിക്കും.

(തുടരും)

# മാനവസമുദായോന്മൂലനം

(എം. രത്നസ്വാമി, സി.ഐ.ഇ., വൈസ് ചാൻസലർ,
അണ്ണാമല സർവ്വകലാശാല)

(കഴിഞ്ഞ ലക്കത്തിൽനിന്നു തുടർച്ച)

പശ്ചിമ പോളണ്ടിലെ കുടിപാർപ്പിന്നായി ഒരു ജർമ്മൻ സമിതി രൂപീകൃതമായിട്ടുണ്ടു്. പോളണ്ടിൽനിന്നു ആട്ടിപ്പായിച്ച പതിനഞ്ചു ലക്ഷം ആളുകൾക്കു പുറമെ, എട്ടു ലക്ഷത്തിന്നു മേൽ ആളുകളെ സകലമാമൂലുകൾക്കുമെതിരായി നിർബ്ബന്ധിത പണിക്കാരായി ജർമ്മനിയിലേക്കു കടത്തിക്കൊണ്ടുപോയിട്ടുണ്ടു്. അവരുടെ സ്ഥാനത്തു ആറു ലക്ഷം ജർമ്മൻ കുടിപാർപ്പുകാരെ പശ്ചിമ പോളണ്ടിലേക്കാക്കുകയും ചെയ്തു. പക്ഷെ പശ്ചിമ പോളണ്ടിനെ നിറക്കാൻ വേണ്ടുവോളം ആളുകളില്ലാത്തതിനാൽ ന്യൂറംബേർഗ്ഗ സമുദായച്ചട്ടങ്ങളെല്ലാം കാററിൽപറത്തി, വാസ്തവത്തിൽ പോളണ്ടുകാരായ കക്ഷൂബിയരേയും (Kashubians) മന്യൂറിയരേയും (Maneurians) തല്ക്കാലം ജർമ്മൻകാരായി കണക്കാക്കി. പശ്ചിമ പോളണ്ടിലെ ഈ വിജനീകരണവും, പുനരാധിവാസവും ഭാവിയിൽ പ്രാധാന്യമർഹിക്കുമാറു കരുതിക്കൂട്ടി ചെയ്തു ചില ഏർപ്പാടുകളാണു്. ന്യായമായ ഉടമസ്ഥരു പശ്ചിമ പോളണ്ടു മടക്കികൊടുക്കാതിരിക്കത്തക്കവണ്ണം ഒരു സമാധാനഉടമ്പടി സാധിക്കാനാണു് ഇതിങ്ങിനെ ചെയ്യുതു്. ജർമ്മനിയിലുള്ള പോളണ്ടുകാരിൽ മൂന്നിൽ രണ്ടു ഭാഗം അധിവസിക്കുന്നതായ സൈബീറിയയിൽ അനവധി കൊല്ലത്തേക്കു് ജർമ്മനീകരണം നടന്നുകൊണ്ടിരുന്നു. ജർമ്മനിയിലുണ്ടായിരുന്ന മൂന്നു ലക്ഷം പോളിഷു് കുട്ടികളിൽ രണ്ടായിരം കുട്ടികൾക്കേ പോളീഷ് സ്കൂളുകളിൽ പ്രവേശനമുണ്ടായിരുന്നുള്ളു. പോളിഷ് വൃത്താന്ത പത്രങ്ങളെ ഹിററ്ലരുടെ കാലത്തിന്നു മുമ്പുതന്നെ അമർത്തിയിരുന്നു. ഈ ജർമ്മനീകരണത്തിന്റെ മുഖ്യോദ്ദേശം പോളുകാരുടെ മതത്തിനെ എതിർക്കുക എന്നതായിരുന്നു. അവരുടെ കത്തോലിക്ക പുരോഹിതന്മാരിൽ ആറു പേർ മാത്രമെ പോളുകാരായിരുന്നുള്ളു. ജർമ്മൻകാരിൽനിന്നു വിശേഷമാതിരി അനുഭവമാണു് ജൂതന്മാർക്കും കിട്ടിയതു്. ലബ്ലിന്നു (Lublin) തെക്കായി ജർമ്മനിക്കും, റഷ്യക്കും, ഗവർണ്ണർ ജനറൽഷിപ്പിന്നും, ഇടയിൽ അതിർത്തി പ്രദേശത്തു ഒരു നിയന്ത്രണം വെച്ചിരുന്നു. ഈ സ്ഥലം പശ്ചിമ പോളണ്ടിലെ മാത്രമല്ല, ആസ്ത്രേലിയയിലെയും, ജർമ്മനിയിലെയും ജൂതന്മാർക്കു കൂടി ഒരു വിശ്രമത്താവളമായിരുന്നു.

## യൂഗോസ്ലാവിയാ

തങ്ങൾ കുടിയേറിയിരുന്ന മററു രാജ്യങ്ങളിൽനിന്നും ആളുകളെ മാററുന്ന സമ്പ്രദായം ജർമ്മൻകാർ ആചരിച്ചിരുന്നു. അവർ യൂഗോസ്ലാവിയയിൽ ചെന്ന ആദ്യത്തെ ആറു മാസത്തിനിടക്കു ഒന്നര ലക്ഷം സ്ലാവിയരെ (Slovenes) അവരുടെ ജന്മദേശത്തു നിന്നു വേട്ടയാടിയോടിച്ചു. സ്വതേ ശൂന്യഭൂമിയായിരുന്ന യൂഗോസ്ലാവിയ ഈ ആക്രമണത്തിന്നുശേഷം പട്ടിണിക്കൂടായി. അവിടത്തെ കത്തോലിക്കരെ അല്ലാത്തവരുമായി ലഹള കൂട്ടിക്കാൻ മനഃപ്പൂർവ്വമായ ശ്രമങ്ങൾ നടത്തിവന്നു. അതിനെത്തുടർന്നു ഒരു ദേശീയത്വനശീകരണനയവുമുണ്ടായി. സ്ലാവു് ഭാഷ ഉപയോഗിക്കുന്നതു കുററകരമായി പ്രഖ്യാപനം ചെയ്തു. "ഉത്തര സ്ലോവേനിയ ജർമ്മൻകാരുടെതാണു്, എന്നും അങ്ങിനെയിരിക്കുകയും വേണം" എന്ന ഹിററ്ലർ മതമാണു് ഇതിന്നുള്ള ന്യായം. അതിനാൽ അവിടത്തെ ജനങ്ങളെ തുരത്തുകയും, ആ രാജ്യം ജർമ്മൻകാരാൽ ആവസിതമാക്കപ്പെടുകയും ചെയ്യണം.

ചെക്കോസ്ലാവാക്കിയയിൽ ഹിററ്ലരുടെ ജർമ്മൻ നയത്തിനോടുള്ള ഒരു വെല്ലുവിളിയുടെ ഫലമായി പത്തു ലക്ഷം ചെക്കുകാർ നിർബ്ബന്ധിത വേലക്കാരായി ജർമ്മനിയിൽ കൊണ്ടുവരപ്പെട്ടു. ചെക്കുസംസ്കാരവും അമർത്തപ്പെട്ടു. ആക്രമണത്തിന്നു ശേഷം സകല വിദ്യാലയങ്ങളും സർവ്വകലാശാലകളും അടക്കപ്പെട്ടു. "നിങ്ങൾ ജയിക്കയാണെങ്കിൽ നിങ്ങൾക്കു വേണ്ടതായാൽ സകല സ്കൂളുകളും കലാശാലകളും നിങ്ങൾക്കു തരാം, ഞങ്ങൾ ജയിക്കുകയാണെങ്കിൽ പിന്നെ നിങ്ങൾക്കു ചെക്കു സ്കൂളുകളുടെ ആവശ്യമെ ഇല്ലല്ലൊ" എന്നു ജർമ്മനധീനത്തിലുള്ള ചെക്കോസ്ലാവാക്കിയയിലെ ജർമ്മൻ ഗവർണ്ണർ ജനറൽ ഫ്രാങ്കു് പറഞ്ഞതായി രേഖപ്പെടുത്തിക്കാണുന്നു.

പൂർവ്വികന്മാർ മുതൽ, ജനിച്ചു, വളർന്നു, രൂഢമൂലമായ ഒരു ജനതയെ ഇപ്രകാരം നട്ടംതിരിക്കുന്ന പണിയെപ്പററി നാം എന്താണു മനസ്സിലാക്കേണ്ടതു്? രാഷ്ട്രം മനുഷ്യഹസ്തങ്ങളാൽ സൃഷ്ടമാണെന്നും, ആകയാൽ അവനാൽ അഴിക്കപ്പെടുകയൊ പുനഃസൃഷ്ടിക്കപ്പെടുകയൊ ചെയ്യാവുന്നതാണെന്നും, ജീൻജാക്ക്സ് റൂസ്സൊ രാഷ്ട്രമീമാംസയിൽ, ഇദംപ്രഥമമായവതരിപ്പിച്ച തത്വമാണു് ഇതിന്നിടസ്ഥാനമെന്നു ഞാൻ വിചാരിക്കുന്നു. പാരമ്പര്യമോ, നിയമങ്ങളൊ ഒന്നും തന്നെ മനുഷ്യന്റെ രാഷ്ട്രാനുകരണത്തെ പ്രതിരോധിക്കുവാൻ പര്യാപ്തമല്ല.

. . . . . . . . . . . . .
. . . . . . . . . . . . .
. . . . . . . . . . . . .

ഒരു രാഷ്ട്രത്തിന്റെ രൂപീകരണത്തിൽ ആവശ്യമായ സ്ഥലം, ജനങ്ങൾ, എന്ന രണ്ടു ഘടകങ്ങളിൽ കൂടുതൽ പ്രധാനമായതും രാഷ്ട്രസൃഷ്ടിയിലും പുനഃസൃഷ്ടിയിലും പ്രാമുഖ്യം വഹിക്കുന്നതും ജനങ്ങളാണു്. സ്ഥലം, അതിന്റെ ഭൂമിശാസ്ത്രം, ചരിത്രം, യുദ്ധപരമോ സാമ്പത്തികമൊ ആയ ആവശ്യങ്ങൾ, ഇതെല്ലാം അപ്രധാനങ്ങളാണു്. ജനങ്ങളെ ദേശീയത്വ തത്വത്തിനായിട്ടോ, അല്ലെങ്കിൽ വർഗ്ഗീയത്വാവശ്യാർത്ഥമായൊ, രാജ്യനീത്യർത്ഥമായൊ ഉന്മൂലനം ചെയ്യാം. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ തീരെ അപ്രധാനങ്ങളാണു്. ജനങ്ങളുടെ താല്പര്യാർത്ഥമുണ്ടാക്കപ്പെടുന്ന പരിഷ്കാരങ്ങളെ സംബന്ധിച്ചേടത്തോളം ആധുനിക രാജ്യങ്ങൾക്കു നേരിടുന്ന നിഘ്നത്വം തന്നെയാണു് ഈ ഭാഗ്യശൂന്യരായ ആളുകളുടെയും ഗതി. ജർമ്മൻകാർക്കു പോളുകാരെ ഭരിക്കാൻ സാധ്യമല്ല. അതുകൊണ്ടു ജർമ്മൻകാർ അധിവസിക്കുന്ന സ്ഥലങ്ങളിൽനിന്നു അവരെ ആട്ടിപ്പായിക്കണം. ചെക്കോസ്ലാവാക്കിയയിലെ ജർമ്മൻകാർക്കു ചെക്കുകൾ തങ്ങളെ ഭരിക്കുന്നതു ഇഷ്ടമല്ല, അവർ പരിഷ്കാരങ്ങളും സൌജന്യങ്ങളും കാത്തിരിക്കുകയില്ല, അതുകൊണ്ടു അവരെ ജർമ്മനിയുമായി ഏകീഭവിപ്പിക്കണം.

ഇതു ജനങ്ങളുടെ പൊതു രാഷ്ട്ര ജീവിതത്തിൽ നിത്യമായ വിപ്ലവം ഉണ്ടാക്കിത്തീർക്കലാണു്. യൂറോപ്പിനെ നാസിഭൂതത്തിൽനിന്നു വിമോചിപ്പിക്കുവാൻ ആലോചിക്കുന്ന രാഷ്ട്രപ്രതിനിധികൾപോലും, ജനങ്ങളെ ഇട്ടോടിക്കുന്ന ഈ എളുപ്പമാർഗ്ഗത്തെപ്പററി ആലോചിക്കാൻ തക്കവണ്ണം അത്രത്തോളം രൂഢമായിട്ടാണു് രാഷ്ട്ര ചിന്തയിൽ ഈ വിഷം കലർന്നിട്ടുള്ളതു്. ഈ അഭിപ്രായം ഇങ്ങിനെ അപ്രതിരോധ്യമായി വളരാനനുവദിക്കുന്നതായാൽ രാജ്യങ്ങളുടെ അതിർത്തിയിലൊ, അവയുടെ ആകൃതിയിലൊ യാതൊരു തീരുമാനവും ഉണ്ടാവുന്നതല്ലായിരിക്കും. ഇന്ത്യയും ഈ അഭിപ്രായത്തിൽനിന്നു സ്വതന്ത്രമല്ല. ഹിന്ദു-മുസ്ലീം തർക്കത്തിന്നു ഒരു തീരുമാനമുണ്ടാക്കുന്ന വിഷയത്തിൽ ഇന്ത്യയിൽ നേരിട്ടിരിക്കുന്ന വൈരവൈദഗ്ദ്ധ്യദാരിദ്ര്യം ഇന്ത്യക്കാർ അനുഭവിക്കുകതന്നെ ചെയ്യും. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സജാതീയ ജനതാവിതരണത്തിന്നായി ഈ മാതിരി ഒരു മാററം ഇന്ത്യയിലും നടപ്പാക്കാൻ ആലോചിച്ചുവരുന്നുണ്ടു്. രാജ്യത്തിന്റെ ആവശ്യങ്ങളും, ചരിത്രപരിജ്ഞാനവും, ആളുകളെയും, നേതാക്കന്മാരെയും, യുക്തിയും, ബോധവും, ഇന്തയുടെ പൊതുനന്മക്കായി ഒരുമിച്ചു ജീവിക്കുന്ന പാരമ്പര്യത്തിൽ വിശ്വാസവും ഉള്ളവരാക്കിത്തീർക്കാൻ പ്രാർത്ഥിക്കുകയും ആശിക്കുകയും മാത്രമെ ചെയ്യാൻ കഴിയുകയുള്ളു.



സുബേദാർ സുബ്രഹ്മണ്യം

(12-ാം പുറത്തുള്ള കുറ്റു നോക്കുക)

# പാലാട്ടു കോമൻ

[ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്.ഡി. (ലണ്ടൻ)]

(തുടർച്ച)

## രംഗം VIII

(തച്ചോളി ഒതേനന്റെ വീട്ടു്, ഒതേനന്റെ ഭാര്യ ചീരു അമ്മ അകത്തിരുന്നു വായിക്കുന്നു. കോമൻ പ്രവേശിച്ചു വാതിൽക്കൽ മുട്ടുന്നു.)

അണിയറയിൽ—ആരാതു്.

കോമൻ : പറഞ്ഞതുകൊണ്ടു് ആളെ അറിയുമെന്നു തോന്നുന്നില്ല. വാതിൽ തുറന്നു നോക്കുക തന്നെ വേണം.

ചീരു അമ്മ : (സൂക്ഷിച്ചുനോക്കി) എനിക്കു മനസ്സിലായില്ല.

കോമൻ : ഞാൻ കല്ല്യുള്ളി പാലാട്ടുന്നാണു്. കോമൻ.

ചീരു അമ്മ : ഓഹോ നാത്തൂന്റെ മകനോ ? (ചെന്നു കൈപിടിച്ചു വിളക്കത്തുകൊണ്ടുവന്നു ആപാദചൂഡം നോക്കി) എന്റെ തങ്കക്കുടമേ നിന്നെ ഇപ്പോഴെങ്കിലും ഒന്നു കാണാൻ യോഗം വന്നുവല്ലോ. കുരുക്കൾ ഇതിനിടെ ഇവിടെ വന്നിരുന്നു. അപ്പോൾ വിവരമെല്ലാം പറഞ്ഞു. അമ്മാമനും ഞാനും അങ്ങോട്ടു പുറപ്പെട്ടിരിക്കയാണു്. രണ്ടു ദിവസത്തിനകം കുരുക്കളിവിടെ വരും. അയാൾ ഒന്നിച്ചാകാമെന്നുവെച്ചു അമാന്തിച്ചുവെന്നേയുള്ളു. അമ്മക്കു സുഖം തന്നെയല്ലേ ?

കോമൻ : അതെ. എനിക്കു അമ്മാമനെ കണ്ടു ഒരടിയന്തരകാര്യം പറയാനുണ്ടു്. അമ്മാമനെവിടെ ?

ചീരു : അമ്മാമൻ രാത്തങ്ങൽക്കു പോയിരിക്കാണു്. ഇന്ന സമയത്തു വരും എന്നു പറയാൻ സാധിക്കില്ല. മടങ്ങി വരികയാണെങ്കിൽ അത്താഴത്തിന്നു തക്കവണ്ണം വരും. അല്ലെങ്കിൽ നാളെ ആയി എന്നും വരും. കറുക്കുമ്പോൾ പോയാൽ വെളുക്കുമ്പോൾ, വെളുക്കുമ്പോൾ പോയാൽ കറുക്കുമ്പോൾ എന്നാണു് മട്ടു്. അത്താഴത്തിന്നുള്ള സമയത്തേക്കു വന്നിട്ടില്ലെങ്കിൽ പിന്നെ കാക്കേണ്ടതില്ലെന്നാണു് നിശ്ചയം. ഈ അസമയത്തു വരാൻ വിശേഷിച്ചു വല്ല കാരണങ്ങളുമുണ്ടോ ? എന്നോടു പറഞ്ഞോളൂ. അമ്മയെപ്പോലെ വിചാരിച്ചാൽ മതി.

കോമൻ : ചെറുപ്പക്കാരുടെ തോന്നിവാസം ആണെന്നു അമ്മായി വിചാരിക്കരുതു്. തൊണ്ണൂറാം വീട്ടിലെ ഉണ്ണി അമ്മക്കു അപവാദദോഷം വന്നിരിക്കുന്നു. അതിന്നു ഉത്തരവാദി ഞാനാണെങ്കിലും, അവളുടെ ജ്യേഷ്ഠത്തി ഉണിച്ചിരുത, അവൾക്കു വളളുവപ്പുലയനുമായി സംസർഗ്ഗമുണ്ടെന്നാണു് ആങ്ങളമാരെ ധരിപ്പിച്ചിരിക്കുന്നതു്. കിടക്കയുടെ അടിയിൽ നിന്നു ഒരു കത്തി കിട്ടിയതാണു് ഈ അപവാദത്തിന്നെല്ലാം അടിസ്ഥാനം. ഞാനും ഉണ്ണി അമ്മയും മനസ്സുകൊണ്ടു ഒന്നായിരിക്കുന്നു. ഇനി രണ്ടാകുകയില്ല. പക്ഷെ അവൾ കുടിപ്പകയുള്ള വീട്ടിലേതാണല്ലൊ. ഞാൻ അവളുടെ ആങ്ങളമാരുമായി നേരിട്ടു അവളുടെ മാനം രക്ഷിപ്പാൻ തയ്യാറാണു്. ഒരു ബലാബലപരീക്ഷ വേണ്ടിവരും.

ചീരു : അയ്യോ മോനേ ! നീ ഒററക്കു സാഹസത്തിന്നൊന്നും ഒരുങ്ങരുതേ. നിന്റെ അമ്മ നിന്നെ എത്ര കഷ്ടപ്പെട്ടാണു വളർത്തിയതെന്നു നിനക്കു അറിഞ്ഞുകൂടല്ലൊ.

കോമൻ : ഞാൻ ഒററയാണെങ്കിലും അവർ ഒമ്പതാളോടു എതിർക്കുന്നതിന്നു എനിക്കു ഒട്ടും ധൈര്യക്കുറവില്ല. പക്ഷെ കാരണവന്മാരുള്ളപ്പോൾ അവരോടു ആലോചിച്ചു വേണമല്ലൊ വലിയ കാര്യത്തിലിറങ്ങാൻ.

ചീരു : എന്റെ കുട്ടിക്കു അങ്ങിനെ തോന്നിയതു നന്നായി.

കോമൻ : അമ്മാമൻ പിന്നിലുണ്ടെന്നു അറിഞ്ഞാൽ ഒരു സമയം കലഹം കൂടാതെ കാര്യം കലാശിച്ചു എന്നും വരാം. അവളെ എനിക്കു ആയുസ്സോടെ കിട്ടണമെന്നു മോഹമുണ്ടു്. നാളത്തെ 'കഴിഞ്ഞാൽ അവളുടെ കഥകഴിക്കണമെന്നാണു കുറുപ്പന്മാർ നിശ്ചയിച്ചിട്ടുള്ളതു്. അമ്മായി അമ്മാമനെ കാര്യങ്ങൾ വേണ്ടപോലെ ഗ്രഹിപ്പിച്ചു എന്നെ അനുഗ്രഹിക്കണം.

ചീരു : എന്റെ കുട്ടി ഒട്ടും പേടിക്കേണ്ട. (പുഞ്ചിരികൊണ്ടു്) നീ ഇത്ര ചെറുപ്പത്തിൽ തന്നെ ഇത്രത്തോളം വിരുതനായി തീർന്നോ ? (ശബ്ദം കേട്ടിട്ടു്) ആരോ വരുന്നുണ്ടോ ? (പുറത്തേക്കു നോക്കീട്ടു) ഓ, അമ്മാമൻ വരുന്നുണ്ടെന്നു തോന്നുന്നു.

(ഒതേനൻ ചാപ്പനൊന്നിച്ചു പ്രവേശിക്കുന്നു.)

ഒതേനൻ : ആരാ ചാപ്പാ ഒരു പുതിയ ആൾ നില്ക്കുന്നതു്.

ചാപ്പൻ : മനസ്സിലായില്ല. ഒരു ചെറുപ്പക്കാരനാണു്. (അടുത്തുവരുന്നു.)

ചീരു : (കോമനെ ചൂണ്ടിക്കാണിച്ചു്) മരുമകൻ. (ഒതേനൻ ആശ്ചര്യത്തോടുകൂടി നോക്കുന്നു. കോമൻ നമസ്കരിക്കുന്നു.)

ഒതേനൻ : (പിടിച്ചെഴുന്നേല്പിച്ചു് : നിറുകതൊട്ടു് അനുഗ്രഹിച്ചു്) എന്താണു് ഈ അസമയത്തു ഒററക്കു് ? വീട്ടിൽ വിശേഷിച്ചു വല്ലതുമുണ്ടോ ?

ചീരു : വിവരങ്ങൾ ഞാൻ പറയാം. അകത്തേക്കു വരൂ. (ചീരു അമ്മയും ഒതേനനും അകത്തേക്കു പോകുന്നു.)

ചാപ്പൻ : കണ്ടാൽ അമ്മാമനു യോജിച്ച മരുമകൻ തന്നെ. കാര്യത്തിന്നും അങ്ങിനെ തന്നെയായിരിക്കണം. അമ്മാമൻ അങ്ങോട്ടു പുറപ്പെട്ടിരിക്കയായിരുന്നു. ഇവിടെ മററന്നാൾ അയ്യപ്പൻകാവിൽ ഒരു വേലയുണ്ടു്. അതു കഴിഞ്ഞിട്ടാവാമെന്നു വിചാരിച്ചിരിക്കയാണു്. ഇനി അതുകഴിഞ്ഞു ഒന്നിച്ചു പോയാൽ മതിയാകുമല്ലോ.

കോമൻ : ഞാൻ ഒരടിയന്തരകാര്യമായിട്ടാണു വന്നിട്ടുള്ളതു്. കുടിപ്പകക്കാരായ തൊണ്ണൂറാം വീട്ടുകാരുമായി ഏററുമുട്ടേണ്ട ഒരു ഘട്ടത്തിലെത്തിയിരിക്കുന്നു. ഇനി ഇവിടെ അമ്മാമനെന്താണു് നിശ്ചയിക്കുന്നതെന്നുവെച്ചാൽ അതുപോലെ എല്ലാം ആവാം.

ഒതേനൻ : (ചീരു അമ്മ ഒന്നിച്ചു വീണ്ടും പ്രവേശിച്ചു കോമനെ മാറോടണച്ചു്) മററന്നാൾ അയ്യപ്പൻകാവിൽ വേലയാണു്. മററന്നാളല്ലേ അവളെ ശിക്ഷിക്കാൻ നിശ്ചയിച്ചിരിക്കുന്നതും. കുറുപ്പന്മാരെല്ലാം അന്നു നേരത്തെ കാവിലെത്തും. ആ സമയത്തു നീ അവിടെ പോയി ഉണ്ണിയെ കൂട്ടിക്കൊണ്ടുവരണം. (ചീരു അമ്മയെ നോക്കി) ഇതാ ഉണ്ണിക്കു വേണ്ടുന്ന ആഭരണങ്ങളെല്ലാം കൊടുക്കൂ. ഒരു കല്യാണപ്പെണ്ണിന്നു വേണ്ടുന്ന ചമയങ്ങളൊക്കെ വേണം. (ചീരു അമ്മ അകത്തേക്കു പോകുന്നു.) ചാപ്പാ ! ഒരാനയെ ഇപ്പോൾതന്നെ കോമന്റെകൂടെ അയക്കണം. താനും ഒന്നിച്ചുപോകുക. കോമനെ അവിടെ കൊണ്ടാക്കി, താൻ മടക്കത്തിൽ, മററന്നാൾ കോമനു് വഴിക്കു വഴക്കൊന്നും കൂടാതെ കഴിക്കാൻ നമ്മളുടെ കളരിയിൽ ഉള്ള ചില ആളുകളെ ചട്ടംകെട്ടുകയും വേണം. (ചീരു അമ്മ പ്രവേശിച്ചു പട്ടിൽ പൊതിഞ്ഞു ആഭരണങ്ങൾ കൊണ്ടുവന്നുവെക്കുന്നു, (കോമനോടു്) ഇതാ ഇതെല്ലാം എടുത്തോ. വേലദിവസം നീയും ഉണ്ണിയും ഒന്നിച്ചു അയ്യപ്പൻകാവിൽ എത്തിയാൽ മതി. ഞങ്ങളെല്ലാവരും അവിടെ ഉണ്ടാവും. (ചീരു അമ്മയെ നോക്കി) ഉണ്ണാൻ കാലായില്ലെ ? അവക്കു രണ്ടുപേക്കും വേഗം ചോറു കൊടുക്കൂ. പുറപ്പെടാൻ താമസിക്കരുതു്. ചാപ്പാ ! കൊങ്കിയോടു ഞാൻ അവളുടെ വകതിരിവില്ലായ്മ ക്ഷമിച്ചിരിക്കുന്നവെന്നും, വേലദിവസം തന്നെ ഞാൻ കോമനൊന്നിച്ചു അങ്ങോട്ടു വന്നുകൊള്ളാമെന്നും പറയണം. എന്നാൽ ഇനി വേഗം ഒരുങ്ങിക്കൊള്ളൂ.

(കർട്ടൻ)

## രംഗം IX

(അയ്യപ്പൻകാവു, തച്ചോളി ഒതേനനും ഭാര്യ ചീരു അമ്മയും കേളു കുരുക്കളും ചാപ്പനും പ്രവേശിക്കുന്നു.)

ഒതേനൻ : ഇന്നു കാവിൽ പതിവുപോലെ തിരക്കില്ല. എന്താ ചാപ്പാ ? സാധാരണ ഇങ്ങിനെയല്ല. വളരെ ആളുകൾ കൂടാറുണ്ടു്. കുരുക്കൾ ഇവിടെ വേലക്കു വരുന്നതു് ആദ്യമായിട്ടാണൊ ?

കുരുക്കൾ : അല്ലാ. ഇതിന്നുമുമ്പു ഒരിക്കൽ വന്നിട്ടുണ്ടു്. വളരെ മുമ്പാണു്.

ഒതേനൻ : ഈ വേല കരുതിയാണു് അന്നു വന്നപ്പോൾ കുരുക്കളോടു ഉടനെ വരണമെന്നു് ഞാൻ പറഞ്ഞതു്. ഇപ്പോൾ അതുകൊണ്ടു മറെറാരു കാര്യവുംകൂടി ആയി.

കുരുക്കൾ : അതെന്താണാവൊ ! കോമനെ കാണാമെന്നുള്ളതായിരിക്കാം.

ഒതേനൻ : അത്രകൊണ്ടു കഴിഞ്ഞാൽ ഭാഗ്യം. കുറുപ്പന്മാർ വല്ല സാഹസത്തിന്നും ഒരുങ്ങിയാൽ ഒരു കയ്യ് നോക്കേണ്ടിയും വന്നേക്കും.

ചാപ്പൻ : എന്നാൽ അതും ഒരു ഭാഗ്യമല്ലെ, കുരുക്കളെ !

കുരുക്കൾ : പക്ഷെ, ഇവിടുന്നു ഇവിടെ ഉള്ളപ്പോൾ കുറുപ്പന്മാർ അങ്ങിനെ ഒരു സാഹസത്തിന്നു ഒരുങ്ങുമെന്നു തോന്നുന്നില്ല.

ഒതേനൻ : ഇല്ലായിരിക്കാം. എന്നാലും സൂക്ഷിക്കണം. കുറുപ്പന്മാരെ കണ്ടില്ലല്ലൊ. വഴിക്കു കോമനുമായി ഏററുമുട്ടിയാലും ആപത്തൊ

നും വരാതിരിപ്പാൻ ചില ഏർപ്പാടുകൾ എല്ലാം ചെയ്യിട്ടുണ്ട്. ഭയപ്പെടാനൊന്നുമില്ല. (ഭാര്യയോട്) എന്നാൽ തിരക്കാവുന്നതിന്നു മുൻപു നമുക്കു തൊഴൽ കഴിക്കയല്ലെ? (എല്ലാവരും ചുററിനടന്നു, അമ്പലത്തിൽ എത്തി തൊഴുതു് ചില വഴിപാടുകൾ കഴിച്ചു്) (കുരുക്കളോടു) എന്നാൽ നമുക്കു ആൽത്തറയിൽ ചെന്നുനില്ക്കാം. (എല്ലാവരും അങ്ങോട്ടു നടക്കുന്നു.)

ചാപ്പൻ: കുറുപ്പന്മാരെല്ലാം ആൽത്തറയിൽ കൂടീട്ടുണ്ട്.

ഒതേനൻ: ഉവ്വോ. നന്നായി. എന്നാൽ കോമനു വഴിക്കുവെച്ചു് വഴക്കൊന്നും വേണ്ടിവന്നിരിക്കില്ല. (ചുററി നടന്നു് ആൽത്തറയിൽ ചെല്ലുന്നു. ഒതേനനെകണ്ടു് കുറുപ്പന്മാർ എണീററു ആചാരോപചാരം ചെയ്യുന്നു.) (കുറുപ്പന്മാരോടു) നേരത്തെ സ്ഥലംപിടിച്ചു അല്ലേ? (എല്ലാവരും തൊഴുന്നു. അമ്മാനാട്ടം, വാളേറു്, മുതലായ അഭ്യാസങ്ങളും ഒരു തുള്ളലും നടത്തുന്നു.)

നാടുവാഴി: (സപരിവാരം പ്രവേശിച്ചു്) ചന്തു, വിളക്കുവെപ്പു ഒക്കെ നേരത്തെ കഴിക്കട്ടേ. തിരിയിടുമ്പോൾ കാററിൻെറ ശല്യം ഉണ്ടാവുമെന്നുതന്നെ കരുതണം. എല്ലാം കുറേക്കാലേ കഴിക്കണം. കഴിഞ്ഞകൊല്ലത്തെപ്പോലെ താമസിക്കണ്ടാ എന്നു മേശാന്തിയോടും പറഞ്ഞേക്കൂ. (തിരിഞ്ഞുനോക്കീട്ടു) തച്ചോളി ഒതേനക്കുറുപ്പല്ലേ ആ നില്ക്കുന്നതു്.

ചന്തു: റാൻ, അടിയൻ ചെന്നു, എഴുന്നള്ളിയ വിവരം അറിയിക്കാം.

നാടുവാഴി: വേണ്ടാ. ആയാൾ ഇങ്ങോട്ടു വരുന്നുണ്ടു. (ഒതേനൻ വന്നു ആചാരം ചെയ്യുന്നു.) കണ്ടിട്ടു വളരെ നാളായി. ഈ വേലയും മററുമൊക്കെ വെറുതെയല്ല പണ്ടുള്ളവർ ഏർപ്പെടുത്തിയതു്. ഇങ്ങിനെ ചില സന്ദർഭങ്ങളില്ലെങ്കിൽ കാണേണ്ടുന്നവരെ കാണേണ്ട കാര്യം നന്നെ കഷ്ടിയാവും.

ഒതേനൻ: തിരുമുമ്പിൽ വന്നു കാണേണമെന്നു വിചാരിക്കാഞ്ഞു ഇല്ല. പ്രാരബ്ധംകൊണ്ടു സാധിക്കാറില്ലെന്നേ ഉള്ളു.

നാടുവാഴി: ആട്ടെ, ഇന്നും കഴിച്ചില്ലല്ലോ. സന്തോഷമായി.

മൂത്ത കുറുപ്പു: (ദൂരത്തു നോക്കിയിട്ടു) ആരാ ആനപ്പുറത്തു രണ്ടാൾ വരുന്നതു്. മുമ്പിൽ ഇരിക്കുന്നതു സ്ത്രീയും പിന്നിൽ ഇരിക്കുന്നതു പുരുഷനുമല്ലേ?

കുറുപ്പന്മാർ: അതു ഉണ്ണിയല്ലേ?

മൂന്നാമൻ കുറുപ്പു: അതെ, സംശയമില്ല.

മൂത്ത കുറുപ്പു: നാട്ടുകാരുടെ മുമ്പിൽ വെച്ചു നമ്മെ അവമാനിക്കാനാണല്ലോ ഇവളുടെ ഭാവം. ആട്ടെ, ഇവളുടേയും ഇവളുടെ അവൻെറയും കഥ ഇന്നു ഒന്നിച്ചു തന്നെ കഴിച്ചുകളയാം. ഒരുങ്ങിക്കോളിൻ.

ഇളയ കുറുപ്പു: പിന്നിൽ ഇരിക്കുന്നതു് ആരാണെന്നറിഞ്ഞിട്ടു പോരേ അവമാനിച്ചു എന്നു തീർച്ചയാക്കാനും സാഹസത്തിന്നൊരുങ്ങാനും?

(ആനപ്പുറത്തു നിന്നിറങ്ങി ഉണ്ണിയും കോമനും പ്രവേശിക്കുന്നു. കുറുപ്പന്മാർ ആയുധപാണികളായി അടുക്കുന്നു.)

ഉണ്ണി: വരഞ്ഞു നിർത്തിയിട്ടുള്ള എന്നെ തൊട്ടു ശുദ്ധം മാറണ്ട. ആ നില്ക്കുന്നതു വള്ളുവപ്പലയനല്ലേ? സൂക്ഷിച്ചു നോക്കൂ. (കുറുപ്പന്മാർ കോമനെ കണ്ടു പരസ്പരം നോക്കുന്നു. തച്ചോളി ഒതേനക്കുറുപ്പിൻെറ മരുമകൻ—കൊങ്കി അമ്മയുടെ മകൻ—ആണു് ആ നില്ക്കുന്നതു്. അവർ പുലയരാണോ? ഞാൻ ധരിച്ചിട്ടില്ല. ആളെ അറിയാതെ വിഡ്ഢിത്തത്തിന്നു ഒരുങ്ങേണ്ട. അന്നു അദ്ദേഹത്തിൻെറ കയ്യിൽനിന്നു വെററില അച്ചാരമായി വാങ്ങിയതു നിങ്ങൾ മറക്കരുതു്.

ഒതേനൻ: (അടുത്തുവന്നു മൂത്ത കുറുപ്പിനോടു) എൻെറ മരുമകൻ കോമൻ നിങ്ങളുടെ പെങ്ങളെ സംബന്ധം ചെയ്യുന്നതു നിങ്ങളുടെ തറവാട്ടിലേക്കു അത്ര അവമാനമാണോ? മറിച്ചാണു നിങ്ങൾ വിചാരിക്കുന്നതെങ്കിൽ, മരുമകനെ രക്ഷിക്കേണ്ട ഭാരം അമ്മാമനായ എനിക്കുണ്ടെന്നു കരുതിക്കൊള്ളണം. കുടിപ്പകയുള്ള വീട്ടുകാരാണെങ്കിലും, ദൈവഗത്യാ അവർ തമ്മിൽ ഉണ്ടായിട്ടുള്ള സ്നേഹം, പലനാൾ വളർന്നു കൂടിയ പക തീരാനുള്ള ഒരു മാർഗ്ഗമായി കരുതി, അവരുടെ ഇഷ്ടം ആദരിക്കുകയാണു് നിങ്ങൾ വേണ്ടതു്. ഇത്രമാത്രമേ എനിക്കു ഇതിൽ പറവാനുള്ളു.

മൂത്ത കുറുപ്പു: കോമനുമായിട്ടാണു് ഇവളുടെ സഹവാസമെന്നു ഞങ്ങൾ ഇതുവരെ അറിഞ്ഞിട്ടില്ല. ഉണിച്ചിരുത പറഞ്ഞതു അങ്ങിനെയല്ല. പാലാട്ടുകാരുമായുള്ള കുടിപ്പക തീർന്നു, ഇററിടുന്നമായി ഒരു ചാർച്ചക്കു സംഗതിവരുത്തിയ ഇവളെ, ഞങ്ങൾ പരദേവതയെപ്പോലെ കരുതുന്നതാണ്. ഈ വർത്തമാനം കുറച്ചു മുമ്പേ അറിഞ്ഞില്ലല്ലോ. എന്നാണു ഞങ്ങൾക്കു ഇപ്പോഴുള്ള വ്യസനം.

ഒതേനൻ: എന്നാൽ ഈ വഴിക്കു തന്നെ നിങ്ങളുടെ വീട്ടിലേക്കു പോയി അടിയന്തരം കഴിക്കുക. ഞാനും വരാം. കാര്യങ്ങളുടെ പരമാർത്ഥം ഉണിച്ചിരുതയോടു ചോദിക്കുകയും വേണം.

(കോമൻ ഒതേനനേയും, കുരുക്കളേയും വന്ദിക്കുന്നു. ചീരു അമ്മ ഉണ്ണിയെപ്പിടിച്ചു ആലിംഗനം ചെയ്യുന്നു. നാടുവാഴിയും മററും അടുത്തു വരുന്നു.)

നാടുവാഴി: ഇക്കുറിയിലത്തെ വേല കേമമായി. വിവരമെല്ലാം ചുരുക്കത്തിൽ ചന്തുവിനോടു ചോദിച്ചു മനസ്സിലാക്കി. ഇശ്ശി കാലായിട്ടു രണ്ടു വീട്ടുകാർ തമ്മിലുള്ള കുടിപ്പക തീർന്നതു് ജിപ്പായല്ലോ. അതും ദൈവസന്നിധിയിൽ വെച്ചു്. മേലിലെല്ലാം നന്നായ് വരും.

(അണിയറയിൽ "ഇയ്യോ" എന്നു കേൾക്കുന്നു. എല്ലാവരും പരിഭ്രമിച്ചു നോക്കുന്നു. തുള്ളിക്കൊണ്ടു വെളിച്ചപ്പാടു പ്രവേശിക്കുന്നു. നാടുവാഴി, ഒതേനൻ, കുറുപ്പന്മാർ ഇവരോടു വെളിച്ചപ്പാടു വെവ്വേറെ കല്പിക്കുന്നു.)

(കർട്ടൻ)

ശുഭം

## സുബേദാർ സുബ്രഹ്മണ്യം

ജമേദാർ കണ്ണായിരം അവർകൾക്കു്,

എക്സ്ട്രാ അസിസ്റ്റൻറ് റിക്രൂട്ടിംഗ്ഗ് ആഫീസർ,

സർ, ചിങ്കൽപേട്ട.

ഈ സംസ്ഥാനത്തിലെ ഒരു യുദ്ധപത്രികയുടെ നിലയിൽ, നിങ്ങളുടെ മകൻ സുബേദാർ സുബ്രഹ്മണ്യത്തിൻെറ പോർക്കളത്തിൽ വെച്ചുണ്ടായ മരണംകൊണ്ടു നിങ്ങൾക്കു് ഇയ്യിടെ ഉണ്ടായ ദുഃഖത്തിൽ ഞങ്ങൾക്കുള്ള അകൈതവമായ അനുശോചനം രേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹത്തിൻെറ നഷ്ടം നിങ്ങൾക്കും അദ്ദേഹത്തിൻെറ മററു ബന്ധുക്കൾക്കും മാത്രമായിട്ടുള്ളതല്ല; ഈ സംസ്ഥാനത്തിനേയും അദ്ദേഹം അലങ്കരിച്ച സേവനവകുപ്പിനേയും ബാധിക്കുന്ന ഒന്നാണു്.

സർ, നിങ്ങളുടെ മകൻ ഒരു ഭടനായിരുന്നു. എല്ലാ ഭടന്മാരും വീരന്മാരല്ലെന്നറിയുന്ന ഒരാളാണു് ഇതെഴുതുന്നതു്. അരോഗദൃഢമായ ശരീരം, ക്രമമായ ബുദ്ധി, ധർമ്മബോധം ഇത്രയുമാണു് ഒരു നല്ല ഭടനുണ്ടായിരിക്കേണ്ടതു്. എന്നാൽ ഇതിൽ എത്രയോ കൂടുതൽ ഗുണങ്ങൾ ഒരു വീരന്നാവശ്യമാണു്.

അദ്ദേഹത്തിൻെറ മഹത്ചരിത്രം, എത്ര തന്നെയായാലും, തീരെ സർവ്വസാധാരണമാകാനിടയില്ലാത്തതുകൊണ്ടാണു് ഞങ്ങൾ അതിലെ നിസ്സാര സംഗതികൾ വീണ്ടും അനുസ്മരിക്കുന്നതു്. നാലായിരം മൈലകലെയുള്ള, തണുപ്പുള്ളതും ചളിപിടിച്ചതുമായ കാസ്സിനോ രണഭൂമിയിൽ, ആപ്പീസ്സർമാരും മററു ജോലിക്കാരും ചേർന്ന ഒരു സംഘത്തിന്നു്, തീർച്ചയായും വിനാശം നേരിടുമാറു ഒരു മൈൻ പൊട്ടാൻ തുടങ്ങുന്നതു അദ്ദേഹം കണ്ടു ശരിയായ ശിക്ഷണം ലഭിച്ച ഒരു മനസ്സിൻെറ, ചിന്താവേഗതയോടെ, വരാൻ തുടങ്ങുന്ന ആപത്തിനെ നിരോധിക്കുവാൻ നിവൃത്തിയില്ലെന്നു മനസ്സിലാക്കി, മററുള്ളവരുടെ പ്രാണരക്ഷണത്തിന്നായി, മനസ്സോടെയും, മഹനീയമായും തൻെറ പ്രാണനെ ബലികഴിച്ചു, അദ്ദേഹം ആ മൈനിന്മേലേക്കു ചാടി വീണു.

ഈ ചെറുകഥ ഇന്നു ഒരു തെന്നിന്ത്യൻ ഇതിഹാസമായി തീരുന്നു. തമിഴ് കവികളാരെങ്കിലും ഇതിനെപ്പററി കാവ്യം രചിക്കുമെന്നും, ഭാഗവതന്മാർ പല തലമുറക്കാലത്തേക്കു ആ കാവ്യം ഗാനം ചെയ്യുമെന്നും, പടയാളിയായി ജീവിതം നയിക്കുകയും, വീരനായി മരണം വരിക്കുകയും ചെയ്ത ആ മദിരാശി യുവാവിൻെറ കരുണ അങ്ങയുടെ വാർദ്ധക്യ ക്ലേശത്തെ നാൾക്കുനാൾ ലഘൂകരിക്കുമെന്നും നമുക്കാശിക്കാം.

എന്നു സ്നേഹപൂർവ്വം,

യുദ്ധസഞ്ചിക പത്രാധിപർ, മദിരാശി.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.